# മൗദൂദികളെ അധോഗതിയിലാക്കിയ നവോത്ഥാന പ്രസ്ഥാനം

അൻവർ അബൂബക്കർ

തൗഹീദീ പ്രബോധന രംഗത്ത് മുജാഹിദ് പ്രസ്ഥാനം നടത്തിവരുന്ന ധീരമായ പ്രവർത്തനങ്ങളും അതിന്റെ പ്രാമാണ്യവും ഏറെ വിശദീകരണം ആവശ്യമില്ലാതെ തന്നെ ഇന്ന് മുസ്‌ലിം കൈരളി മനസ്സിലാക്കിയിട്ടുള്ളതാണ്. പ്രവാചകന്മാരഖിലം പ്രാധാന്യപൂർവ്വം പഠിപ്പിച്ച ആ തൗഹീദിന്റെ കലർപ്പില്ലാത്ത ശബ്ദം ജനം കേൾക്കുമ്പോൾ അവർ മാറുക എന്നതും അവരിൽ പരിവർത്തനം ഉണ്ടാകുക എന്നതും സ്വാഭാവികം. എന്നാൽ, തൗഹീദിന്റെ പിൻബലത്തിൽ ഖുർആനും സുന്നത്തും സച്ചരിതരായ സലഫുകളുടെ രീതിശാസ്ത്രമനുസരിച്ച് വിശദീകരിക്കുമ്പോൾ അത് ദഹിക്കാത്തവർ ഈ സംഘത്തിൽ നിന്നും പിരിഞ്ഞുപോയികൊണ്ടിരിക്കുന്നത് ഇസ്‌ലാഹീ ചരിത്രം അപഗ്രഥിക്കുന്നവർക്ക് കണ്ടെത്താൻ കഴിയുന്ന യാഥാർത്ഥ്യമാണ്. സമസ്തക്കാർ മുതൽ മടവൂരികൾ വരെ, അല്ല അഭിനവ മടവൂരികൾ വരെ നീണ്ടു നിൽക്കുന്നു ഈ കൊഴിഞ്ഞുപോക്കിന്റെ ചരിത്രം. ഇസ്‌ലാമിക പ്രബോധനമാണ് തങ്ങളുടെ ലക്ഷ്യമെന്ന് വ്യതിചലിച്ച ഈ കക്ഷികളൊക്കെയും പറയുമ്പോഴും ആ സംഘങ്ങളൊന്നും തന്നെ ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങളും ആരാധനാമുറകളും പ്രമാണങ്ങളിലുള്ള വിധം, വിശിഷ്യാ ഉത്തമ നൂറ്റാണ്ടുകാരായ സലഫുകൾ ഉൾകൊണ്ടവിധം ഉൾകൊള്ളുവാൻ തയ്യാറല്ല എന്നതാണ് വസ്തുത. മാത്രമല്ല, ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശമായ തൗഹീദിന്റെ പ്രബോധനത്തെ ഇവരെല്ലാവരും വിവിധ മാർഗത്തിൽ തടസ്സപ്പെടുത്താൻ ഒളിഞ്ഞും തെളിഞ്ഞും തീവ്രശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. പ്രമാണങ്ങൾ മുറുകെ പിടിക്കുന്നവരെ എതിരിടാൻ വളഞ്ഞും പിരിഞ്ഞും ഈ സംഘങ്ങൾ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സഹകരിക്കുന്നതും നമുക്ക് കാണാൻ കഴിയും. ഈ അടുത്ത കാലത്ത് കെ.എൻ.എം എന്ന മഹത്തായ സംഘടനയെ അപഹരിച്ച ഒരു കോക്കസിനുവേണ്ടി ചലിക്കുന്ന വിചിന്തനവും, പറയപ്പെട്ട കോക്കസ്സിന്റെ പ്രചോദനദായകമായ മടവൂരികളുടെ ശബാബും, ഇസ്‌ലാമിക ദഅ്‌വത്തിനെ എന്നും കൊഞ്ഞനംകാട്ടി മാത്രം ശീലിച്ചിട്ടുള്ള മൗദൂദികളുടെ പ്രബോധനവും സലഫുമാർഗ്ഗികൾക്കുനേരെ അഴിച്ചുവിടുന്ന ആരോപണങ്ങളിൽ ഈ പറഞ്ഞ കൂട്ടുകെട്ട് കാണാൻ കഴിയും. പൊതുജനസമക്ഷം തെറ്റിദ്ധാരണ പരത്തുംവിധം ഇക്കൂട്ടർ പടച്ചുവിടുന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രതിരോധിക്കേണ്ടത് സലഫുസ്സ്വാലിഹീങ്ങളുടെ ആദർശത്തെ സ്നേഹിക്കുന്നവരുടെ മേൽ ബാധ്യതയാണ്.

ക്വുർആനും സുന്നത്തും സലഫുകളുടെ മാർഗം അവലംബിച്ചു സ്വീകരിക്കണമെന്ന കണിശതയാണ് മുജാഹിദ് പ്രവർത്തകരുടെ വിശ്വാസ-കർമ്മ മേഖലയിലെ പ്രഭാവശക്തി. അതുകൊണ്ടാണ് മുഹിയുദ്ധീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ എന്നിത്യാദിയുള്ള തേട്ടങ്ങൾക്ക് തെളിവ് പരതിയവർ ക്വുർആനിലെ ആയത്തുകൾ ദുർവ്യാഖ്യാനിക്കുകയും ഹദീഥുകൾ വളച്ചൊടിക്കുകയും ചെയ്തപ്പോൾ, ഖുറാഫാത്തിന്റെ വാഹകരായ ആ യാഥാസ്ഥികർക്കുനേരെ കൂരമ്പുപോലെ ഒരു ചോദ്യം മുജാഹിദുകൾ ഉന്നയിച്ചത്. നിങ്ങൾ ഈ പറയുന്ന രൂപത്തിൽ ക്വുർആനിലെ ഈ ആയത്തിനോ അതുപോലെ ഈ ഹദീഥിനോ സ്വഹാബികളോ ഉത്തമ തലമുറയിൽപെട്ട ആരെങ്കിലുമോ, അതുമല്ലെങ്കിൽ പൂർവ്വികരായ പ്രാമാണികരായ ഏതെങ്കിലും പണ്ഡിതൻമാരോ അപ്രകാരം

ഒരു അർത്ഥം നൽകിയിട്ടുണ്ടോ എന്ന ചോദ്യം. മതത്തിൽ പുതുതായി കടത്തി കൂട്ടുന്നവരെ സംബന്ധിച്ച് മൂർച്ചയേറിയ ഒരു പ്രഹരമാണ് പ്രസ്തുത ചോദ്യം. ഇതേ ചോദ്യം തന്നെയാണ് ഇബാദത്ത്, ദീൻ, റബ്ബ്, ഇലാഹ് എന്നിങ്ങനെയുള്ള ഇസ്‌ലാമിലെ സാങ്കേതിക ശബ്ദങ്ങളെ മൗദൂദിയും അനുയായികളും കൂടി അട്ടിമറിക്കാൻ ശ്രമിച്ചപ്പോൾ സലഫുമാർഗ്ഗികൾ കൂരമ്പ് പോലെ ഇവർക്കെതിരെ പ്രയോഗിച്ചതും, മൗദൂദികൾ അധോഗതിയിലാകാൻ ഇടയായതും.

മുജാഹിദുകളുടെ ഈ രൂപത്തിലുള്ള എളിയ പ്രവർത്തനങ്ങളാണ് കേരളത്തിലെ ആളുകളെ ചിന്തിപ്പിക്കുവാനും അതുവഴി അവരെ സംസ്കരിച്ചെടുക്കുവാനും, ശേഷം അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും റസൂലിന്റെ ചര്യയിലേക്കും ജീവിതം സമർപ്പിക്കുവാനും സമുദായ മക്കളെ പ്രേരിപ്പിച്ചത്. അതിന്റെ ഫലമാണ് ഏവരാലും പുകഴ്ത്തിപ്പറയുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ നവോത്ഥാന ഉദ്യമങ്ങൾ. വാമൊഴി വരമൊഴിയായി കഴിയുന്നത്ര മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യക്തി സമ്പർക്കത്തിലൂടെയും പൊതുജന അഭിസംബോധനത്തിലൂടെയും ഇതിനു പിന്നിൽ പ്രയത്നിച്ച അനേകം മഹത്തുക്കളുണ്ട്. ഉമർ മൗലവി(റഹി)യും അദ്ദേഹത്തിന്റെ സൽസബീൽ മാസികയും അതിനൊരുദാഹരണമാണ്. വിശ്വാസപരമായും കർമ്മപരമായും മുസ്‌ലിം സമുദായത്തെ സംസ്കരിക്കാൻ സൽസബീൽ നിർവ്വഹിച്ച പങ്ക് അവിസ്മരണീയമാണ്. എന്നാൽ മൗദൂദികളുടെ മുഖംമൂടി തുറന്നുകാണിക്കാൻ അതിലെ പേജുകൾ നീക്കിവെച്ചിരുന്നു എന്ന ഏകകാരണത്താൽ, ആ മഹാനായ വ്യക്തിയെയും അദ്ദേഹത്തിന്റെ മാസികയെയും ജമാഅത്തിന്റെ അധിക്ഷേപ നായകൻ ശൈഖ് മുഹമ്മദ് കാരക്കുന്ന് "സമുദായത്തിൽ ശൈഥില്യം വളർത്തിയ മാസിക" എന്നു പരിഹസിച്ചത്[1] മുജാഹിദ് കേരളം മറന്നിട്ടില്ല. മരണപ്പെട്ട വ്യക്തികളെ പരാമർശിക്കുമ്പോൾ സാധാരണയായി കാണിക്കാറുള്ള മാന്യതപോലും നൽകാതെ, അല്ലാഹുവിന്റെ അടുക്കലേക്ക് തിരിച്ചുപോയ ഉമർമൗലവി(റഹി)യെ ഇവർ പോസ്റ്റുമോർട്ടം നടത്തിയ പ്രവണത ഇവരുടെ സങ്കുചിതത്വത്തിന്റെയും തീവ്രതയുടെയും ആഴമാണ് കാണിക്കുന്നത്. ഇതിന് തിരഞ്ഞെടുത്ത മാർഗം ഒരു വനിതാ പ്രസിദ്ധീകരണമായിരുന്നു എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു. ഇതുപോലെ മൗദൂദികളുടെ നാവുകൊണ്ടും പേനത്തുമ്പുകൊണ്ടും കേരളത്തിലെ അതിന്റെ രൂപീകരണം മുതൽ മർദ്ദനങ്ങളേറ്റുവാങ്ങിയ മഹാൻമാരായ പണ്ഡിതമഹത്തുക്കളുടെ പ്രവർത്തനഫലമാണ് സർവ്വരാലും പ്രശംസിക്കുന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ നവോത്ഥാന സംരംഭങ്ങൾ.

ഇതിനിടയിൽ കേരള സമൂഹ രൂപവത്കരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച നവോത്ഥാന പ്രസ്ഥാനമാണ് മുജാഹിദ് പ്രസ്ഥാനം എന്ന ഖ്യാതി നൽകികൊണ്ടും, മുസ്‌ലിം സമുദായത്തിലെ വിദ്യഭ്യാസ, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക, ഉണർവുകളുടെ പിന്നിലുള്ളത് ഈ പ്രസ്ഥാനത്തിന്റെ സേവനമാണെന്ന വസ്തുത വെളിപ്പെടുത്തികൊണ്ടും ഒരു എഡിറ്റോറിയൽ മാധ്യമം ദിനപ്പത്രത്തിൽ വന്നിരുന്നു[2]. കേരള സമൂഹ ചരിത്രവും മുസ്‌ലിം സമുദായ ചരിത്രവും മുജാഹിദുകളോട് ഏറെ കടപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രം സമ്മതിക്കുന്നു എന്നത് മാറ്റിനിർത്തിയാൽ, അതിലെ ബാക്കിയുള്ള വരികളുടെ ഉദ്ദേശ്യശുദ്ധി ജമാഅത്തിന്റെ അന്ധമായ വിമർശന നിലപാട് തന്നെ. ലേഖകൻ അവകാശപ്പെട്ട പോലെ മതത്തിനുള്ളിൽ ഉണ്ടാവേണ്ട അടുപ്പം നിഷേധിക്കാതിരിക്കാനുള്ള ഉപായമാണോ ആവോ "ഒരു നവോത്ഥാന പ്രസ്ഥാനത്തിന്റെ ഗതി" എന്ന തലക്കെട്ട് പ്രസ്തുത എഡിറ്റോറിയലിന്

[1] ആരാമം, നവമ്പർ 2009

[2] മാധ്യമം, 29 മാർച്ച് 2013

നൽകിയത്. ഒരു കാലത്ത് ഇതേ ആളുകൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ നവോത്ഥാന സംരംഭങ്ങളെ അംഗീകരിക്കാൻ വൈമനസ്യം കാണിച്ചിരുന്നു എന്നത് തിരിച്ചറിയുമ്പോൾ ജമാഅത്തിന്റെ കപടഭാവമുള്ള സ്വരൂപം ഒന്നുകൂടി വ്യക്തമാവുകയാണ്. അതോടൊപ്പം മുജാഹിദുകളുടെ ബദ്ധശത്രുക്കളായ കാരന്തൂർ സുന്നിസത്തെ നവോത്ഥാന നായകരായി ചിത്രീകരിക്കുവാനും മുമ്പ് ഇവർ വിയർപ്പൊഴിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നും വ്യത്യസ്ഥമായി എന്തു സേവനങ്ങളാണ് മുജാഹിദ് പ്രസ്ഥാനക്കാർ കേരളത്തിൽ ചെയ്തത് എന്ന ഇവരുടെ പഴയ ചോദ്യം[3] ഒരുപക്ഷെ അന്നത്തെ നയതന്ത്രമായേക്കാം. മുജാഹിദുകളുടെ സംഭാവനകളെ അക്കമിട്ട് എഴുതാൻ തുടങ്ങിയ ജമാഅത്തിന്റെ ഈ പോളിസി മാറ്റം സജീവമാകുന്നത് മുജാഹിദുകളിൽനിന്നും വഴിപിരിഞ്ഞുപോയ മടവൂരികളുമായി, ഇന്നത്തെ കെ.എൻ.എമ്മിലെ അഭിനവ മടവൂരികൾ നടത്തിയ ലയന ചർച്ച നടക്കുമ്പോഴായിരുന്നു എന്നത് ശ്രദ്ധേയമാണ്. അന്ന് 'മുജാഹിദ് ഐക്യം സുമനസുകളുടെ സ്വപ്നം' എന്ന തലക്കെട്ടിലൂടെയായിരുന്നു ഈ 'വിനീതരായ സമുദായ പ്രേമികൾ' പ്രത്യക്ഷപ്പെട്ടത്. ഇങ്ങനെ, ഒരുവശത്ത് ഇകഴ്ത്തുവാനും മറുവശത്ത് പുകഴ്ത്തുവാനും മുജാഹിദുകളുടെ സംഭാവനകളെ ഇവർ ചർച്ചയാക്കുമ്പോൾ, മുസ്‌ലിം ഐക്യത്തിന് വേണ്ടിയാണ് മൗദൂദികളുടെ മസ്തിഷ്കം തിളക്കുന്നത് എന്ന ധാരണക്ക് പഴുതില്ലാതാവുകയാണ്. അതിന്റെ സത്യത കൂടുതൽ ബോധ്യപ്പെടുന്ന, സാമുദായിക ഐക്യം എന്ന ജമാഅത്തിന്റെ കപടവാദം വെളിച്ചത്തുവന്ന സന്ദർഭമായിരുന്നു പ്രൊഫഷണൽ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചു മുജാഹിദ് വിദ്യാർത്ഥി വിഭാഗമായ എം. എസ്. എം. മലപ്പുറത്ത് സംഘടിപ്പിച്ച പ്രോഫ്കൊൺ. ഋജുവായ ഇസ്‌ലാമിക പ്രബോധനം ലക്ഷ്യംവെച്ച് നടത്തിവരാറുള്ള ഈയൊരു സംരംഭം ഇത്തവണ മലപ്പുറത്ത് നടത്തിയതിനെയും ഈ കപടഐക്യവാദികൾ വിമർശിക്കാതിരുന്നില്ല. ചതിപ്രയോഗവും കള്ളപ്രചരണങ്ങളും ആയുധമാക്കിക്കൊണ്ട് കെ.എൻ.എം എന്ന മഹത്തായ പ്രസ്ഥാനത്തെ കയ്യിലൊതുക്കാൻ പണിയെടുക്കുന്ന കോക്കസിനെ താങ്ങിനിറുത്തി പരിപാലിക്കാനും, വ്യതിചലിച്ച കക്ഷികളിൽപെട്ട ഏവരാലും എതിർപ്പുകൾ ഏറ്റു വാങ്ങുന്ന ആദർശം കയ്യിലുള്ള യഥാർത്ഥ മുജാഹിദുകളെ പഴിക്കുവാനുമാണ് അതിലൂടെ ലേഖകൻ പൂർണ്ണണമായും മിനക്കെടുന്നത്. ഐക്യത്തിന്റെ പേരും പറഞ്ഞ് സമുദായത്തിൽ പരമാവധി ഭിന്നിപ്പുണ്ടാക്കുകയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത് എന്നത് പ്രസ്തുത ലേഖനത്തിലെ ഈ വരികൾ സ്പഷ്ടമാക്കുന്നുണ്ട്: "മുമ്പും ഇസ്‌ലാമിക സംഘടനകൾ ലോകത്തിന്റെ പലഭാഗത്തും പിളർന്നിട്ടുണ്ട്. കൂട്ടമായി പലരും സംഘടന വിട്ടുപോയിട്ടുണ്ട്. പരലും പുറത്താക്കപ്പെട്ടിട്ടുമുണ്ട്. അവരൊന്നും തങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്ന സംഘടനയുടെ പേരും ചിഹ്നവും ഉപയോഗിക്കുകയല്ല പിന്നീട് ചെയ്തിട്ടുള്ളത്. അവർ നിയമാനുസൃതം മറ്റൊരു പേരിൽ സംഘടനയുണ്ടാക്കി മുന്നോട്ട് പോവുകയായിരുന്നു. ആ ഒരു മാന്യതയും പ്രതിപക്ഷ ബഹുമാനവുമെങ്കിലും നിലനിർത്താൻ കേരളത്തിലെ ഇസ്‌ലാഹി സംഘടനകൾക്കും പണ്ഡിതൻമാർക്കും സാധിക്കേണ്ടതുണ്ട്."[4]

നീതിക്കുവേണ്ടി നിലകൊള്ളാൻ വെമ്പൽ കൊള്ളുന്നവരാണ് തങ്ങൾ എന്ന് മുഷ്ടി ചുരുട്ടി ദൃഷ്ടി മടക്കി പ്രകടനം മുഴക്കാറുള്ള തികച്ചും അത്യാവേശക്കാരാണ് മൗദൂദികൾ. ഇവിടെ യാതൊരു ജനാധിപത്യ മര്യാദയോ, ഇസ്‌ലാമിക മാനമോ കാത്തുസൂക്ഷിക്കാതെ തീർത്തും ഏകപക്ഷിയമായി, ഒരു അറിയപ്പെട്ട സംഘടനയെ അതിക്രമിച്ചു പിടിച്ചെടുക്കുകയും, മാന്യതയും നീതിയും അൽപംപോലും തൊട്ടുതീണ്ടാതെ അതിലെ പണ്ഡിതർക്ക് ഭ്രഷ്ട് കൽപിക്കുകയും ചെയ്തവർക്കെതിരെ ഒരക്ഷരം പോലും പ്രതികരിക്കാൻ എന്നിട്ടും ഇവർക്ക് കഴിഞ്ഞിട്ടില്ല. ഞങ്ങൾ എന്നും മർദ്ദിതർക്കും പീഢിതർക്കും

[3] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 381.

[4] പ്രബോധനം, എന്തിനാണ് ഒരേസമയം രണ്ട് പ്രോഫ്കൊൺ, 23 മാർച്ച് 2013

മനുഷ്യാവകാശത്തിനും ഒപ്പമെന്ന് അധരവ്യായാമം നടത്തുന്നവർ, ഈ നിയമ ലംഘനത്തിനെതിരിൽ 'കാ' 'മാ' ശബ്ദിച്ചിട്ടില്ല എന്നു മാത്രമല്ല ജമാഅത്തുകാർ എന്നും പ്രമാണിമാരോടൊപ്പം എന്ന് ഇവരുടെ മാധ്യമ നിലപാടിലൂടെ തെളിയിച്ചിരിക്കുന്നു. കാരണം, അത് വ്യക്തമാണ്. ആദർശം മുറുകെ പിടിക്കുന്നവരെ എന്നും തങ്ങളുടെ ശത്രുപക്ഷത്ത് പ്രതിഷ്ഠിക്കാനാണ് ജമാഅത്തെ ഇസ്‌ലാമിയും തൂലികാതൊഴിലാളികളും ശീലിച്ചിട്ടുള്ളത്. മുജാഹിദുകളിൽ നിന്നും മടവൂരികൾ പിരിഞ്ഞുപോയ സന്ദർഭം 'മുജാഹിദുകളിൽ ഒരു പ്രബല വിഭാഗം ഇന്ന് നമ്മോടൊപ്പമാണ് ഉള്ളത്' എന്ന കേരളത്തിലെ ഒരു മൗദൂദിസ്റ്റ് ഖത്തറിൽ പ്രസ്താവന നടത്തിയത് വിസ്മരിച്ചവരല്ല സലഫുമാർഗ്ഗികൾ. അന്നത്തെ അതേ മാനസികാവസ്ഥയിലാണ് ഇന്നും മൗദൂദികൾ. അതുകൊണ്ട്തന്നെ നീതിയുടെയും നന്മയുടെയും വർത്തമാനം മൗദൂദികളിൽ നിന്ന് പ്രതീക്ഷിക്കുന്നത് തനി വിഢ്ഢിത്തം തന്നെ. പുരക്ക് തീ പിടിക്കുമ്പോൾ വാഴ വെട്ടണം എന്ന മനോഭാവക്കാരിൽനിന്ന് ഇതും ഇതിലപ്പുറവും പ്രതീക്ഷിക്കാവുന്നതാണ്.

മുജാഹിദുകൾ പിരിഞ്ഞുകൊണ്ട് വേറെയൊരു സംഘടന എത്രയും വേഗം കേരളത്തിൽ ഉണ്ടായിത്തീരണം എന്നതാണ് ഇവരുടെ ഉള്ളിലിരിപ്പ്, അതാണ് കെ.എൻ.എം കോക്കസ്സും ആഗ്രഹിക്കുന്നത്. കേരളത്തിൽ ഒരു സംഘടന രൂപീകരിക്കുവാൻ വലിയ മാർഗ തടസ്സമൊന്നും ഈ കാലഘട്ടത്തിലില്ല എന്ന് ഈ കൂട്ടർക്ക് നന്നായി അറിയാം. എന്നിട്ടും പുറത്താക്കപ്പെടുകയും പീഢനങ്ങൾ ഏറ്റു വാങ്ങികൊണ്ടിരിക്കുകയും ചെയ്യുന്ന മുജാഹിദ് പ്രസ്ഥാനത്തിലെ പണ്ഡിതരും പ്രവർത്തകരും എന്തിന് അങ്ങനെയൊരു കാര്യത്തിന് മുതിരുന്നില്ല എന്നത് എഴുതാപുറം വായിക്കുന്ന മൗദൂദികൾ തിരിച്ചറിയേണ്ടതുണ്ട്. മടവൂരികൾക്കും മൗദൂദികൾക്കും രോമാഞ്ചം വരുത്തുന്ന നയനിലപാടുകൾ സ്വീകരിക്കാൻ തയ്യാറുള്ള നേതാക്കൻമാർ ഇന്ന് കെ.എൻ.എമ്മിൽ ഉണ്ട് എന്നതുതന്നെ, മുജാഹിദ് പ്രസ്ഥാനം നാളിതുവരെ പുലർത്തിപോന്ന ആദർശത്തിൽ വെള്ളംചേർത്തിട്ടുണ്ട് എന്നതാണ് കാണിക്കുന്നത്. നാടും വീടും ബലികഴിച്ചു, പ്രയാസങ്ങളും ദുരിതങ്ങളും വകവെക്കാതെ മഹത്വുക്കൾ വളർത്തിയെടുത്ത ഈ പ്രസ്ഥാനത്തിന്റെ ആദർശവും അഭിമാനവും, ഏതാനും വ്യക്തികളുടെ ഭൗതിക താല്പര്യങ്ങൾക്ക് അടിയറവ് വെക്കാനുള്ളതല്ല. ദുർഗന്ധം വമിപ്പിക്കുന്ന ഇത്തരം കുറ്റവാളികളിൽനിന്നും ഈ പ്രസ്ഥാനത്തെ രക്ഷപ്പെടുത്തിയെടുക്കണം എന്നത് വിശ്വസ്തരും പക്വമതികളുമായ പണ്ഡിതൻമാർ മനസ്സിലാക്കിയിട്ടുണ്ട്. ഇരുകൈകളും ഉയർത്തികൊണ്ട് ആയിരക്കണക്കിന് മുവഹ്ഹിദുകൾ ഒരു പോംവഴി കാണിച്ചു തരാൻ അല്ലാഹുവിനോട് അപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. അതിനിടയിൽ പിശാചിന്റെ അപശബ്ദങ്ങളും വെളിപാടുകളുമായി ഞങ്ങളെ കൂടുതൽ ഭിന്നിപ്പിക്കാനും, അതിന്റെ നടുവിൽനിന്നും ചോരകുടിക്കാനും ശ്രമിക്കുന്ന പഴയ കുറക്കന്റെ കഥയിലെ കുറുനരി സ്വഭാവം ഉപേക്ഷിക്കുവാൻ മൗദൂദികൾക്ക് ഒരിക്കലും സാധിക്കില്ല. തുടക്കത്തിൽ സൂചിപ്പിച്ച മാധ്യമം പത്രാധിപ ലേഖനത്തിന്റെ പ്രാരംഭത്തിലും ഇതുപോലെയുള്ള സൂത്രപണികൾ ലേഖകൻ ചെയ്തുവെച്ചിട്ടുണ്ട്. ആദ്യത്തിൽ മുജാഹിദുകളെ കുറിച്ച് വാനോളം പുകഴ്ത്തി എഴുതി ശ്രദ്ധ പിടിച്ചുവാങ്ങുകയും, ശേഷം അവരുടെ മേൽ ആക്ഷേപശരങ്ങൾ വർഷിക്കുകയും ചെയ്യുക എന്ന തന്ത്രം. നാടൻ കൂപമണ്ഡുകങ്ങളെ പിടിക്കാൻ വേണ്ടി വണ്ടിക്കകത്തു വാഴക്കൊല വെച്ചു വാതിൽ തുറന്ന് ദൂരെ നിന്നും അതിന്റെ ചരട് നിയന്ത്രിക്കുന്ന സൂത്രപ്രയോഗമാണ് ഇതെല്ലാം എന്നത് മനസ്സിലാക്കാതെ പോകുന്നവരല്ല കേരളത്തിലെ നല്ലവരായ വായനക്കാർ.

വ്യക്തമായ ഉൾക്കാഴ്ചയില്ലാതെ എന്തിനും ചാടിക്കയറി അഭിപ്രായം പറയുക എന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ എക്കാലത്തെയും ഒരു ദുഷിച്ച സ്വഭാവരീതിയാണ്. നവസലഫിസം, സലഫിസ്റ്റ് എന്നിത്യാദിയുള്ള ഇവരുടെ പ്രയോഗങ്ങൾ തന്നെ അത്തരം ബുദ്ധിശൂന്യമായ അഭിപ്രായപ്രകടനത്തിന്റെ സാക്ഷ്യമാണ്. കൂടാതെ, എങ്ങിനയെങ്കിലും സലഫിയ്യത്തിന്റെ യഥാർത്ഥമുഖം ജനങ്ങളിൽ നിന്നും തെറ്റിച്ചുകളയുക എന്നത് ഈയൊരു

വർഗത്തിന്റെ നിലനിൽപിന്റെ പ്രശ്നവുമാണ്. അതുകൊണ്ടാണ് പലപ്പോഴും സലഫിയ്യത്തിനെ ഇക്കൂട്ടർ ഇങ്ങനെ പരിചയപ്പെടുത്തുന്നതായി നമുക്ക് വായിക്കേണ്ടി വരുന്നത്: "കർമശാസ്ത്രപരമായി പ്രബലമായ ആറു മദ്ഹബുകളാണ് ഇന്ന് ലോകത്തുള്ളത്. മാലികി, ഹനഫി, ശാഫി, ഹമ്പലി എന്നീ മദ്ഹബുകളും സലഫി(അഹ്‌ലുൽ ഹദീസ്) മദ്ഹബും ശിയാക്കളുടെ ജഅ്ഫരീ മദ്ഹബും"[5]

യഥാർത്ഥത്തിൽ മൗദൂദികൾ എഴുതിയത് പോലെയുള്ള ഒരു മദ്ഹബാണോ സലഫിയ്യത്ത്? അല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 'സലഫി മദ്ഹബി'നോട് കൂടെ കൂട്ടത്തിൽ പറഞ്ഞ അഞ്ചു മദ്ഹബുകളും ഒരു വ്യക്തിയിലേക്ക് ചേർക്കപ്പെട്ടാണ് അറിയപ്പെട്ടത്.[6] അത് മുൻനിർത്തി മൗദൂദികളോട് ചോദിക്കട്ടെ, 'സലഫി മദ്ഹബ്' എന്ന് നിങ്ങൾ വിശേഷിപ്പിച്ച ഈ മദ്ഹബ് ആരുടെ പേരിലേക്ക് ചേർത്താണ് ലോകത്ത് അറിയപ്പെടുന്നത്? ഈ ചോദ്യത്തിനുള്ള സത്യസന്ധമായ ഉത്തരത്തിൽ അതിന്റെ അകക്കാമ്പ് സ്ഥിതിചെയ്യുന്നത് കാണാൻ കഴിയും.

സലഫ് എന്ന പദം കൊണ്ട് അർഥമാക്കുന്നത് മുമ്പ് കഴിഞ്ഞു പോയത്, മുൻകാല സമൂഹം എന്നൊക്കെയാണ്. പ്രായത്തിലും പദവിയിലും നമ്മേക്കാൾ മുകളിൽ നിൽക്കുന്ന, തന്റെ മുൻഗാമികളായ പിതാക്കൾ, ബന്ധുക്കൾ തുടങ്ങിയവരേയും സലഫ് എന്ന വാക്ക് കൊണ്ട് അർഥമാക്കാറുണ്ട്. സച്ചരിതരായ ആദ്യകാല സമൂഹം എന്ന അർത്ഥത്തിൽ ഇസ്‌ലാമിന്റെ ആദ്യകാല സമൂഹത്തെ സലഫുസ്സ്വാലിഹ് എന്ന് വിളിക്കുന്നത് ഈ അർഥത്തിലാണ്. മൗദൂദികൾക്ക് ഇത് തിരിയാഞ്ഞിട്ടല്ല അവർ സലഫിയ്യത്തിനെ ഒരു പ്രത്യേക മദ്ഹബായി പരിചയപ്പെടുത്തുന്നത്. അപ്രകാരം ജൽപിച്ച അതേ ലേഖകൻ തന്നെ അത് വ്യക്തമാക്കുന്നത് കാണുക: "'സലഫ്' എന്നാൽ മുൻഗാമികൾ എന്നർത്ഥം. മഹാൻമാരായ സഹാബികളും അവരുടെ തൊട്ടടുത്ത തലമുറകളും ഖുർആനിനെയും സുന്നത്തിനെയും അനുധാവനം ചെയ്ത് ജീവിച്ചവരായിരുന്നു. പില്ക്കാലത്തുണ്ടായ കക്ഷിവഴക്കുകളും തെറ്റായ ചിന്താസരണികളും അന്ന് അപൂർവ്വമായിരുന്നു. അതിനാൽ, സച്ചരിതരായ മുൻഗാമികളുടെ ജീവിതസരണിയെ ഉദ്ദേശിച്ചാണ് 'സലഫിയ്യത്ത്' എന്നു പറയുന്നത്. ഈയർഥത്തിൽ ജമാഅത്തെ ഇസ്‌ലാമി സലഫി സംഘടനതന്നെയാണെന്ന് അത് വിശ്വസിക്കുന്നു."[7]

നബി(സ്വ)യുടെ പ്രത്യേകമായ പ്രശംസക്ക് പാത്രമായ ആദ്യത്തെ മൂന്ന് തലമുറക്കാർ ക്വുർആനും സുന്നത്തും എങ്ങനെ മനസ്സിലാക്കിയോ അങ്ങനെത്തന്നെ മനസ്സിലാക്കണമെന്ന് ശഠിക്കുന്നവരെ കുറിക്കുന്ന സലഫികൾ എന്ന പ്രയോഗം ജമാഅത്തിനും അവകാശപ്പെടാൻ പറ്റുന്നതാണ് എന്ന് എത്ര ലജ്ജയില്ലാതെയാണ് ഇക്കൂട്ടർ എഴുതിവിട്ടത്. കുറാഫാത്തിന്റെ കുത്തക അവകാശപ്പെടാവുന്ന സാക്ഷാൽ കാന്തപുരവും ഗൾഫ് നാടുകളിൽ വരുമ്പോഴും ഇതേ അവകാശവാദം പ്രകടിപ്പിക്കാറുണ്ട്. ആഗോളതലത്തിൽ ഏറെ തെറ്റിദ്ധരിപ്പിക്കാനും, പ്രാദേശികമായി ചില സ്ഥലങ്ങളിൽ നിലയുറപ്പിക്കാനും ഒരു അടവുനയമായി മൗദൂദിസ്റ്റ്-കാരന്തൂരികൾ ഉപയോഗിക്കുന്ന തരത്തിലല്ല യഥാർത്ഥ മുജാഹിദുകൾ അത് ഉപയോഗിക്കുന്നതും പരിശീലിക്കുന്നതും. അങ്ങനെയൊരു ചെപ്പടിവിദ്യക്ക് ഒരിക്കലും സലഫിയ്യത്ത് എന്നും പറയാൻ കഴിയില്ല.

---

[5] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 324

[6] ജമാഅത്തിന്റെ ജീവവായു എന്ന് വിശേഷിപ്പിക്കാവുന്ന ശിയാക്കളിലെ മദ്ഹബിനെ അഹ്‌ലുസ്സുന്നത്തിന്റെ പുറത്തുള്ളത് എന്ന നിലക്ക് പരിഗണിക്കേണ്ടതില്ല.

[7] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 338

ക്വുർആനും സുന്നത്തുമടങ്ങുന്ന പ്രമാണങ്ങൾ ഓരോരുത്തരും തങ്ങളുടെ താൽപര്യത്തിനും യുക്തിക്കുമനുസരിച്ച് വ്യാഖ്യാനിക്കാൻ പഴുത് നൽകാതെ പൂർവ്വസൂരികളെ ആശ്രയിക്കുന്നതിനാൽ സലഫുമാർഗ്ഗികൾക്ക് പുതുതായി പരിചയപ്പെടുത്താൻ ആദർശങ്ങളൊന്നമില്ല. ഇക്കാര്യം മുജാഹിദ് പ്രസ്ഥാനം മുസ്‌ലിം കൈരളിയെ എന്നും ഉണർത്തിയിട്ടുള്ളതാണ്. എന്നാൽ ഇങ്ങനെയൊരു മൻഹജ് തന്നെയില്ല, അത് പുതിയ മദ്ഹബാണ്, അഞ്ചാം പ്രമാണമാണ്, പുതിയ ത്വരീഖത്താണ്, പുതിയ ചിന്താധാരയാണ്, കേട്ടുകേൾവിയില്ലാത്തതാണ്, ഗൾഫ് ഇറക്കുമതിയാണ്, എന്നൊക്കെ പറഞ്ഞ് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ വഴിപിരിഞ്ഞു പോയ മടവൂരികൾക്ക് ബാധിച്ച അതേ അസുഖം, സലഫിയ്യത്ത് നെഞ്ചിലേറ്റിയിരുന്ന ചിലയാളുകൾക്കും ഇപ്പോൾ ബാധിച്ചിരിക്കുന്നു. അവരെയാണ് അഭിനവ മടവൂരികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. അവരിന്ന്, സമസ്തക്കാരും മടവൂരികളും മുമ്പ് ദുർവ്യവഹാരം നടത്തിയ ഉപകരണങ്ങളുമായി മുവഹ്ഹിദുകളുടെ മേൽ അകാരണമായി ശിർക്ക് ആരോപിക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണ്. ശുദ്ധീകരണ പ്രക്രിയയാണെന്ന വ്യാജേനെ നവോത്ഥാന നായകർ ഉഴുതുമറിച്ച മണ്ണിൽ തൗഹീദ് ചവിട്ടിമെതിക്കുകയും ഹദീഥ് നിഷേധത്തിന്റെ ആറ്റുതീരം പണിയുകയും ചെയ്യുന്ന തിരക്കിലാണ്. അല്ലാഹുവിന്റെ മാർഗത്തിൽ പ്രയത്നിക്കുന്ന നവോത്ഥാന പ്രസ്ഥാനത്തിനും അതിന്റെ നിഷ്കാമകർമ്മികളായ പ്രവർത്തകർക്കും ഇത്തരം സംഘങ്ങൾക്കു നേരെ കണ്ണടക്കുക സാധ്യമല്ല. മുസ്‌ലിം സമുദായത്തിന്റെ മുന്നിൽ തെറ്റായ ദിശകൾ വരക്കുന്ന ഇവർക്കെതിരെ, അവരുടെ ആശയാദർശങ്ങളിലെ പ്രമാദങ്ങൾക്കെതിരെ നിലകൊള്ളേണ്ടത് ഓരോ വിശ്വാസികളുടേയും ആദർശബാധ്യതയാണ്. അല്ലാഹുവിന്റെ പാശത്തിൽ നിന്നും പിടിവിട്ടുകൊണ്ട്, കൃത്യമായ ഒരാദർശമില്ലാതെ ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളിൽ നിന്നും അകന്നു പോകുന്നതിൽ നിന്നും നമ്മുടെ സഹോദരങ്ങളെ തടയേണ്ടതിനാൽ, അവർ അഴിച്ചുവിട്ട കള്ള പ്രചരണങ്ങളുടെയും, തെറ്റിദ്ധാരണകളുടെയും ചുരുളഴിക്കുന്ന പ്രവർത്തനങ്ങൾ മുജാഹിദുകൾ നിർവ്വഹിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെയാണ് കാർക്കശ്യവും കടുംപിടുത്തവുമായി ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ തൊഴിലാളികളും പരിചയപ്പെടുത്തുന്നത്.

ആഗോളതലത്തിൽ സലഫുമാർഗ്ഗികൾ ഏതൊരു രീതിശാസ്ത്രമനുസരിച്ചാണോ മതപ്രബോധനം നിർവ്വഹിക്കുന്നത്, അതേ ആദർശവും ആശയവും സ്വീകരിച്ചു തന്നെയാണ് മുജാഹിദുകൾ കേരളത്തിലും അതിന്റെ ദൗത്യം നിർവ്വഹിക്കുന്നത്. വസ്തുത ഇതായിരിക്കെ ഇതിനെ ജമാഅത്തെ ഇസ്‌ലാമി ആകെ തെറ്റിദ്ധരിപ്പിക്കുകയാണ്. സലഫിയ്യത്തിനു സ്വന്തമായ ഒരു ശൈലിയും ഉള്ളടക്കവും മുജാഹിദുകൾ കേരളത്തിൽ രൂപീകരിച്ചിരിക്കുകയാണത്ര! ജമാഅത്തിന്റെ ഈ ആരോപണത്തിൽ എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ, അത് തെളിവ് സഹിതം ഹാജരാക്കേണ്ട മാന്യത മൗദൂദികൾ കാണിക്കേണ്ടതുണ്ട്. കേരള സാഹചര്യത്തിനനുസരിച്ച് പ്രമാണങ്ങൾ മുറിക്കുകയോ ദുർവ്യാഖ്യാനം ചെയ്യുവാനോ മുജാഹിദുകൾ ശീലിച്ചിട്ടില്ല, അത് വലിയ പാതകമായാണ് ഇസ്‌ലാമിക പ്രമാണങ്ങൾ സംസാരിക്കുന്നത്. അപ്രകാരംചെയ്യുന്നവരെ തെളിവ് സഹിതം പിടികൂടുകയും, അവരുടെ ഫിത്നകൾ സമുദായത്തെ ഉണർത്തുകയും ചെയ്യുക എന്നത് സലഫുമാർഗ്ഗികൾ തങ്ങളുടെ ഉത്തരവാദിത്തമായി കാണുന്നു. അത് ദീനിലുള്ള നസ്വീഹത്തായാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇതിനെയാണ് പരിഹാസ വാക്കുകൾകൊണ്ട് ഇടിച്ചു താഴ്ത്താൻ ജമാഅത്തെ ഇസ്‌ലാമി പരിശ്രമിക്കുന്നത്. സുനാമിയിലൂടെ അല്ലാഹു നശിപ്പിച്ച ബഹുദൈവാരാധനാ കേന്ദ്രം പുതുക്കിപ്പണിയാൻ ഓടിയെത്തിയ, ശബരിമല തീർത്ഥാടനത്തിന് പോകുന്ന അയ്യപ്പഭക്തർക്ക് ആശംസ നേരാൻ സമയം കണ്ടെത്തിയ, അല്ലാഹുവിന്റെ മതത്തിൽ തിന്മയായി പരിചയപ്പെടുത്തിയ ഒട്ടുമിക്ക കാര്യങ്ങളെയും നിസ്സാരമാക്കി തള്ളുന്ന ഈ ഒരു വർഗത്തിന്, അല്ലാഹുവോടും അവന്റെ പ്രവാചകനോടും കിതാബിനോടും നേതാക്കൻമാരോടും സാധാരണക്കാരോടും വരെയുള്ള ദീനിന്റെ

സമഗ്രമായ ഗുണകാംക്ഷ എന്ത് എന്ന് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ദീൻ പറയുമ്പോൾ, അതെല്ലാം കർക്കശമായി ഈ ഇത്തിക്കണ്ണികൾക്ക് അനുഭവപ്പെടുന്നത്.

ഇസ്‌ലാം വഴികാണിക്കുന്ന മാർഗരേഖ ഏതെങ്കിലും മുക്കിലും മൂലയിലും ഉള്ളവർക്ക് മാത്രമല്ല, പ്രത്യുത ലോകർക്ക് മുഴുവനും സ്വീകരിക്കാൻ പറ്റുന്നതാണ്. പ്രമാണങ്ങളിൽ കത്തിവെച്ചു അതിനെ കേരള സാഹചര്യത്തിലേക്ക് ഇണക്കും വിധം ചുരുക്കുകയോ വികസിപ്പിക്കുകയോ ചെയ്തവരല്ല മുജാഹിദുകൾ. നിങ്ങൾ എത്രതന്നെ തലക്കുത്തി മറിഞ്ഞാലും, അങ്ങനെ ഒരു ലിഖിതം കണ്ടെത്താൻ സാധ്യമല്ല. എന്നാൽ കേരള മൗദൂദികൾ അങ്ങനെയല്ല. സ്ഥിരപ്പെട്ട ഇസ്‌ലാമിക പ്രമാണങ്ങളിൽ ബുദ്ധിക്കെതിരായ വിശ്വാസ കാര്യങ്ങളുണ്ടെന്ന് കരുതി അത് വെട്ടിമാറ്റുകയും, സമൂഹ സംസ്കരണത്തിന്റെ മറവിൽ പ്രമാണ വിരുദ്ധമായി ചിലത് വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നവരാണ് ഇവർ.

അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ ഏകോപിച്ചുകൊണ്ട് അഭിപ്രായപ്പെട്ടതാണ് ബുഖാരി യിലെയും മുസ്‌ലിമിലെയും ഹദീസുകൾ മുഴുവൻ സ്വഹീഹാണെന്ന്, അതിന് വിരുദ്ധമായി മടവൂരികളുടേതിന് സമാനമായ വിശ്വാസമാണ് മൗദൂദികളുടേത്. അതിന്റെ ഉദാഹരണമാണ് സിഹ്ർ ഫലിക്കില്ല എന്നും നബി(ﷺ)ക്ക് സിഹ്ർ ബാധിച്ചിട്ടില്ല എന്നൊക്കെയുള്ള ഹദീഥ് നിഷേധ പ്രവണതകൾ. എന്നാൽ, തഫ്ഹീമുൽ ഖുർആനിലൂടെ ഈ ഹദീഥ് തിരസ്കരണ പ്രവണതക്ക് തക്കതായ മറുപടി നൽകിയ വ്യക്തിയാണ് ഇവരുടെ സയ്യിദ് മൗദൂദി. പക്ഷെ, കള്ളത്തരം ചെയ്തു ശീലിച്ച ജമാഅത്തിന്റെ കരങ്ങൾ മലയാള പ്രതിയിൽനിന്നും ആ ഭാഗം മുക്കികളയുകയാണ് ചെയ്തത്. സംസ്ഥാനാതിർത്തി കടന്നാൽ ഇതെല്ലാം അംഗീകരിക്കുന്ന കേരളേതര മൗദൂദികളുടെയും, സംസ്ഥാനത്തിനുള്ളിലെ ഇതെല്ലാം നിഷേധിക്കുന്ന കേരള മൗദൂദികളുടെയും സ്വഭാവവൈചിത്യം ഏത് മാനദണ്ഡം വെച്ചാണ് ഇവർ അളക്കുക. അതുകൊണ്ടുതന്നെ, തിരസ്കരണ-സ്വീകരണത്തിന് ഖുർആനും സുന്നത്തും മാനദണ്ഡമായി കാണുന്ന മുജാഹിദുകളെ സംബന്ധിച്ച് മൗദൂദിയുടെ ഇവ്വിഷയകമായ ഈ വരികൾ പ്രസക്തമാവുകയാണ്: "ചരിത്രപരമായ വീക്ഷണത്തിലൂടെ നോക്കുമ്പോൾ പ്രവാചകന് സിഹ്റ് ബാധിച്ച സംഭവം സ്ഥിരപ്പെട്ടതാണ്. ഇനി, ശാസ്ത്രീയ മാനദണ്ഡങ്ങളുപയോഗിച്ച് അതിനെ വിമർശിക്കുകയാണെങ്കിൽ, ലോകത്തുള്ള ഒരു ചരിത്ര സംഭവത്തെയും സത്യവും വാസ്തവവുമായി തെളിയിക്കാൻ സാധിക്കുകയില്ല. ബുഖാരി, മുസ്‌ലിം, നസാഈ, ഇബ്നുമാജ, ഇമാം അഹ്മദ്, അബ്ദുർറസാഖ്, ഹുമൈദി, ബൈഹഖി, ത്വബറാനി, ഇബ്നു സഅ്ദ്, ഇബ്നു മർദയ, ഇബ്നു അബീശൈബ, ഹാകിം, അബ്ദ് ഇബ്നു ഹുമൈദ്, എന്നിവരും മറ്റും, ഹസ്രത്ത് ആഇശ, ഹസ്രത്ത് സെയ്ദ് ഇബ്നു അർഖം, ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് എന്നിവരിൽ നിന്നും കൃത്രിമത്വം കടന്നുകൂടാൻ സാധ്യതയില്ലാത്ത വിധം അനേകം പരമ്പരകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്."[8] ശേഷം മൗദൂദി എഴുതിയ വരികൾ കൂടുതൽ പ്രാധാന്യത്തോടെതന്നെ വായിക്കേണ്ടതുണ്ട്. അതിങ്ങനെ: "തോക്കിനുള്ളിൽ നിന്നും വരുന്ന വെടിയുണ്ടയും വിമാനത്തിൽ നിന്നും വീഴുന്ന ബോംബും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഫലം ചെയ്യുകയില്ലെന്ന പോലെത്തന്നെ മാരണവും അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ ഫലിക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, അതുകൊണ്ട്മാത്രം ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യർ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു കാര്യത്തെ നിഷേധിക്കുന്നത് ശുദ്ധമായ പിടിവാശി മാത്രമാണ്"[9]

---

[8] തഫ്ഹീമുൽ ഖുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖം, ഇംഗ്ലീഷ്, ഉറുദു പതിപ്പ്

[9] തഫ്ഹീമുൽ ഖുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖം, ഇംഗ്ലീഷ്, ഉറുദു പതിപ്പ്

ജമാഅത്തെ ഇസ്‌ലാമിയാൽ വാഴ്ത്തപ്പെട്ട ഇവരുടെ ദാർശനിക കർമ്മശാസ്ത്ര ഗുരുവായ യൂസുഫുൽ ഖറദാവി; അദ്ദേഹം പ്രവാചകന് സിഹ്റ് ബാധിച്ചത് സാധൂകരിക്കുന്നത് "ഹദീസിനെ ശരിയായി റിപ്പോർട്ട് ചെയ്യുന്നവരും അതിനെ അനുകരിക്കുന്നവരും പറയുന്നതിനുസരിച്ച് സിഹ്ർ തിരുമേനിയുടെ ശരിരത്തെയാണ് ബാധിച്ചത്; ആത്മാവിലും ബുദ്ധിയിലുമല്ല. അപ്പോൾ അതിന്റെ സ്വാധീനം ശരീരത്തിലാണുണ്ടായത്. ശാരീരിക രോഗങ്ങളിൽനിന്ന് പ്രവാചകന്മാർ മുക്തരായിട്ടില്ല." എന്ന് പറഞ്ഞുകൊണ്ടാണ്.[10]

അപ്പോൾ, ആഗോള ഇഖ്‌വാനിസ-മൗദൂദിസത്തിൽ നിന്ന് വ്യത്യസ്ഥമായ ഒരു രീതിയും ശൈലിയും രൂപീകരിച്ചത് വാസ്തവത്തിൽ ആരാണ്? എന്തുകൊണ്ടാണ് ജമാഅത്തിന് ഇങ്ങനെ ഒരു വ്യത്യസ്ഥ നിലപാട് കേരളത്തിലെടുക്കേണ്ടി വന്നത്. പ്രഥമദൃഷ്ടിയിൽ പുറമേക്ക് ഭംഗിയുള്ള ഏതൊരാദർശവും സ്വീകരിക്കാൻ കേരളത്തിലെ മൗദൂദികൾ തയ്യാറായതിന്റെ ദുരന്തമാണ് രാജ്യാന്തരമായി ഈ വൈരുദ്ധ്യം ഇവരിൽ പ്രകടമാകാൻ കാരണം. ജമാഅത്ത് ഇഖ്‌വാനീ വിശ്വാസ വൃത്തത്തിൽ നിന്നും വേറിട്ട് സ്വന്തമായ ശൈലിയും ഉള്ളടക്കവും ഉണ്ടാക്കിയിട്ടുള്ള ഇവരാണ്, എന്നിട്ട് തങ്ങളുടെ ഈ ദുഷിച്ച സ്വഭാവം മുജാഹിദുകളുടെ മുകളിൽ കയറ്റിവെക്കാൻ ശ്രമിക്കുന്നത്.

പൈശാചിക ഉപദ്രവങ്ങളിൽനിന്നും മറ്റും പരിരക്ഷക്കായി ഇസ്‌ലാം പഠിപ്പിക്കുന്ന മന്ത്രത്തോടും മൗദൂദികളുടെ സമീപനം മുകളിൽ വിവരിച്ചതിൽനിന്നും വ്യത്യസ്ഥമല്ല. ക്വുർആനും സുന്നത്തും വ്യക്തമാക്കിത്തരുന്ന കാര്യങ്ങളെ ബുദ്ധിയുടെ മൂശയിലിട്ട് വ്യവഛേദിക്കാൻ അനുയായികൾക്ക് ശിക്ഷണം നൽകുകയാണല്ലോ കേരളത്തിൽ ഇവർ ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് സ്വന്തം നേതാവായ മൗദൂദിയുടേതടക്കം വരുന്ന അധ്യാപനങ്ങൾ മൂലഗ്രന്ഥത്തിൽനിന്നു തന്നെ ഇവർ മുക്കിക്കളയുന്നത്, പ്രസ്തുത കർമ്മത്തിൽ ദുർബ്ബലചിത്തമായ സമീപനമാണ് എന്നും ഇവർ സ്വീകരിച്ചുപോന്നിട്ടുള്ളത്. മറ്റേതൊരു കാര്യത്തിലുമെന്ന പോലെ മന്ത്രങ്ങളെ സംബന്ധിച്ച മൗദൂദി അമീറിന്റെ വീക്ഷണം തഫ്ഹീമുൽ ക്വുർആനിന്റെ മലയാള പതിപ്പിൽ നിന്നും അപ്രത്യക്ഷമായതും അതുകൊണ്ടുതന്നെ. അതിന്റെ ഉറുദു, ഇംഗ്ലീഷ് പതിപ്പുകളിൽ സൂറത്തുൽ ഫലഖിന്റെ വിശദീകരണത്തിൽ സിഹ്റിന്റെ വിഷയത്തിലേതുപോലെ മന്ത്രങ്ങളെ സംബന്ധിച്ചും മൗദൂദി പ്രാധാന്യപൂർവ്വം എഴുതിയിട്ടുണ്ട്. അസ്വീകാര്യമായ ഹദീഥ് ഉദ്ധരിച്ചുകൊണ്ട്, തൗറാത്തും ഇഞ്ചീലും ഉപയോഗിച്ചു മന്ത്രം എന്ന ചികിത്സ നടത്താമെന്ന് അതിലൂടെ അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഏലസ്സുപയോഗിക്കുന്നതിനെ നബി(സ) പൊതുവായി വിരോധിച്ച പ്രബലമായ ഹദീസുകൾ ഉണ്ടായിരിക്കെ ക്വുർആൻ ഏലസ്സിലെഴുതി ശരീര ത്തിൽ കെട്ടുന്നതിനെ അദ്ദേഹം അനുകൂലിക്കുന്നുണ്ട്. ഇത്തരം ഉപദേശങ്ങൾ നൽകിയ മൗദൂദിയുടെ വ്യാഖ്യാനങ്ങളിലെ ശരിയും തെറ്റും വേർതിരിക്കാനുള്ള കെല്പില്ലാത്തതു കൊണ്ടും, പ്രമാണങ്ങളിൽ സ്വഹീഹായി വന്ന കാര്യങ്ങളെ സത്യപ്പെടുത്താനുള്ള ആർജവമില്ലാത്തതുകൊണ്ടും, തഫ്ഹീമിൽ നിന്നുതന്നെ പ്രസ്തുത ഭാഗം മുക്കിക്കളയാനാണ് മൗദൂദികൾ തീരുമാനിച്ചത്. നീതിശാസ്ത്രപരമായി ഒരിക്കലും ന്യായീകരിക്കാൻ പഴുതില്ലാത്ത ഇത്തരം വഞ്ചനയും കടുത്ത കൃത്രിമവും ചെയ്യുന്ന ഇവരാണ് മുജാഹിദുകളുടെ ദാർശനിക ഔന്നത്യത്തെ അളക്കുവാൻ സ്കെയിലുമായി നടക്കുന്നത്!

ജിന്ന് സേവയും കൂടോത്രവും പിഞ്ഞാണമെഴുത്തും ഇല്ലാതാക്കാൻ പ്രവർത്തിക്കേണ്ടത് ദീൻ പഠിപ്പിച്ച പ്രമാണം ഉപയോഗപ്പെടുത്തികൊണ്ടാണ്. മൗദൂദി-മടവൂരീ അഭിനവ സംസർഗ്ഗത്തിന്റെ കൃത്യംപോലെ പ്രമാണങ്ങൾ നിഷേധിച്ചും കട്ടുമുറിച്ചും പ്രതിഭാശാലികളായി ചമഞ്ഞുകൊണ്ടല്ല ഈ ദൗത്യം ചെയ്യേണ്ടത്. ഇത്തരം മോഡേണിസ്റ്റ് വാദികൾക്ക് ജിന്ന്-ശൈത്വാൻ-സിഹ്ർ മുതലായ വിഷയങ്ങൾ വിവരിക്കുന്നവരോട്

---

[10] ഐ.പി.എച്ച് പുറത്തിറക്കിയ ഖറദാവിയുടെ ഫത്‌വകൾ, ഭാഗം രണ്ട്, പേ. 76, 81

പുച്ഛവും പരിഹാസവുമാണ്. അപകർഷത മൂലം ഇതെല്ലാം പഴഞ്ചനും യുക്തിഹീനവുമാണെന്ന് ധരിച്ചവരാണ് ഇവരിൽ ബഹുഭൂരിഭാഗവും. പ്രസ്തുത ഭൂമികയിൽ നിന്നുകൊണ്ട് വിഷയത്തെ സമീപിക്കുന്നതുകൊണ്ടാണ് കേരളത്തിൽ മുജാഹിദുകൾക്കിടയിൽ ഒരു കോക്കസ് രാഷ്ട്രീയമാക്കിയ ജിന്ന് വിവാദത്തിൽ, പ്രമാണങ്ങക്കൊപ്പം നിലകൊള്ളുന്ന പ്രബലമായൊരു വിഭാഗത്തെ "സ്തംഭിച്ചുപോകുന്ന തരത്തിലുള്ള അന്ധവിശ്വാസങ്ങളും പ്രതിലോമ ചിന്തകളും മുന്നോട്ട് വെക്കുന്നവരായി" മൗദൂദികൾക്ക് ജലത്വം മുഴക്കേണ്ടി വരുന്നത്. കേരള നവോത്ഥാനത്തിൽ മുഖ്യമായ പങ്കു വഹിച്ച മുജാഹിദ് പ്രസ്ഥാനത്തിന് ജിന്ന്-പിശാച്-മന്ത്രം എന്നീ വിഷയങ്ങളിൽ അതിന്റെ ഭൂതകാലത്തുണ്ടായിരുന്ന അതേ ആദർശം തന്നെയാണ് ഇന്നുമുള്ളതും. ശിർക്കും ബിദ്അത്തും നിറഞ്ഞുനിന്ന, അന്ധവിശ്വാസത്തിന്റെ പാരമ്യത്തിൽ വർഗ്ഗീകരിച്ച ഒരു വിഭാഗത്തെയാണ് മുജാഹിദ് പ്രസ്ഥാനത്തിന്റെ നവോത്ഥാന നാൾവഴിയിൽ അതിന്റെ നേതാക്കൻമാർക്ക് ആദ്യമായി അഭിമുഖീകരിക്കേണ്ടി വന്നത്. അന്ന് ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്ത, അതിന്റെ പ്രവർത്തനങ്ങളിൽ ഒരും നെടുംതൂണായി നിലനിന്ന മഹാനായ കെ.എം. മൗലവി (റഹി) ഈ വിഷയങ്ങൾ പ്രമാണബദ്ധമായി പഠിപ്പിച്ചിട്ടുണ്ട് എന്നതറിയുമ്പോഴാണ് സലഫികൾ സമുദായത്തെ പുറകോട്ട് വലിക്കുകയാണ് എന്ന ബുദ്ധിപൂജകരുടെ അപവാദത്തിന്റെ മുനയൊടിയുന്നത്. മുജാഹിദ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവ് മുസ്‌ലിം സമുദായത്തെ ഉണർത്തുകയാണ്: "റസൂൽ(സ)യോട് 'നുശ്റത്തിനെ' കുറിച്ച് ചോദിക്കപ്പെട്ടു. അത് പിശാചിന്റെ പ്രവർത്തി യിൽ പെട്ടതാണെന്ന് അവിടുന്ന് മറുപടി പറഞ്ഞു. നുശ്റത്ത് എന്ന് പറഞ്ഞാൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്നവരെ സുഖപ്പെടുത്തുവാനായുള്ളതും മന്ത്രം ഉൾപ്പെട്ടതുമായ ഒരുതരം ചികിത്സയാകുന്നു.......അത് പിശാചിന്റെ വഴിയിൽ പെട്ട താണെന്ന് നബി(സ) പറഞ്ഞിട്ടുള്ളതിന്റ സാരം: അത് അജ്ഞാനകാലക്കാർ ചികിത്സ ചെയ്തു വരികയും അവർ വിശ്വസിച്ചു വരികയും ചെയ്തിട്ടുള്ളവയിൽ പെട്ടതാണ് എന്ന താകുന്നു. എന്നാൽ ക്വുർആനിലെ ആയത്തുകൾ, അല്ലാഹുവിന്റെ നാമഗുണങ്ങൾ, നബി(സ)യിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രാർത്ഥനകൾ എന്നിവ കൊണ്ട് മേൽപറഞ്ഞ അവസര ങ്ങളിൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്ന അവസരങ്ങളിൽ ചികിത്സ നടത്തുന്നത് കൊണ്ട് ദോഷമില്ല."[11]

പിശാച് ബാധയേറ്റവർക്ക് ക്വുർആനിലെ ആയത്തുകൾ, നബി(സ) പഠിപ്പിച്ച പ്രാർത്ഥനകൾ എന്നിവ കൊണ്ടുള്ള ചികിത്സയുണ്ടെന്ന് കേരള നവോത്ഥാന നായകൻമാർ ആദ്യമേ വ്യക്തമാക്കിയിട്ടുള്ളതാണ് എന്ന് അർത്ഥശങ്കക്കിടയില്ലാത്ത വിധം മേൽവരിയിലൂടെ വ്യക്തമാവുകയാണ്. കൂടാതെ, മുജാഹിദ് പണ്ഡിതരിൽ അറിയപ്പെട്ട ഉമർമൗലവി(റഹി), അമാനി മൗലവി(റഹി), ഡോ. എം ഉസ്മാൻ സാഹിബ് (റഹി) തുടങ്ങി അനേകം പണ്ഡിതർ ഇത്തരം വിഷയങ്ങൾ പഠനാർഹമായിതന്നെ കൈകാര്യം ചെയ്തത് മുസ്‌ലിം കൈരളിയിൽ സുപരിചിതമാണ്. എന്നിട്ടും എന്തുകൊണ്ട് ജിന്നുമായി ബന്ധപ്പെട്ട ഇങ്ങനെ ഒരു വിവാദം മുജാഹിദ് പ്രസ്ഥാനത്തിനകത്ത് ഉണ്ടായി എന്ന ചോദ്യം പ്രസക്തമാണ്. കെ.എം. മൗലവിക്കു ശേഷം ചില അഖ്ലാനികൾ പ്രതിലോമ ചിന്തകളുമായി പ്രസ്ഥാനത്തിലേക്ക് കടന്നു വന്നതിനു ശേഷമാണ് ഇതിനകത്ത് ഏറ്റുമുട്ടലുകൾ ആരംഭിക്കുന്നത്. മുജാഹിദ് പ്രസ്ഥാനത്തിന്റെ സലഫിയ്യത്ത് എന്ന രീതിശാസ്ത്ര സമീപനം ദഹിക്കാത്തവർ അതിനുശേഷം പ്രസ്ഥാനത്തിൽനിന്നും പുറത്തുപോയികൊണ്ടിരുന്ന അനുഭവമാണ് നമ്മൾ ഇതിനു മുമ്പെല്ലാം കണ്ടിട്ടുള്ളത്. എന്നാൽ പതിവിൽ നിന്നും വ്യത്യസ്ഥമായി, ഏറെ കാലത്തെ ഗ്രൂപ്പ് മീറ്റിങ്ങുകളുടെയും ചാരപ്രവർത്തനത്തിന്റെയും ഫലമായി ഒരു ചെറിയ കോക്കസ് ഞങ്ങളുടെ പണ്ഡിതൻമാരെയും നേതാക്കൻമാരെയും തെറ്റുധരിപ്പിച്ചുകൊണ്ട് മുജാഹിദുകളിൽ ചിലർ ജിന്നുകളോട് സഹായം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു എന്നും,

[11] കെ.എം.മൗലവിയുടെ ഫത്‌വകൾ- പേ:18 യുവതാ പ്രസിദ്ധീകരണം

പാരമ്പര്യത്തിന്റെയും വ്യാജഭക്തിയുടെയും മറവിൽ കടുത്ത യാഥാസ്ഥികത്വം സലഫിയ്യത്തിന്റെ ബാനറിൽ അടിച്ചിറക്കുകയാണ് എന്നും മറ്റും പറഞ്ഞുകൊണ്ട് മുജാഹിദുകളെ തന്നെ ഭിന്നിപ്പിക്കുന്നതിലേക്ക് വഴിതെളിച്ചു. ആ ഭിന്നിപ്പ് കൂടുതൽ വളർത്തുവാനും, ഈ കള്ള വാർത്തകൾ ദ്രുതഗതിയിൽ പ്രചരിപ്പിക്കാനുമാണ് മൗദൂദികൾ തങ്ങളുടെ കൈവശമുള്ള മാധ്യമങ്ങൾ മുഴുവനും ഉപയോഗപ്പെടുത്തിയത്. മുജാഹിദുകൾ എന്നും പ്രഥമ സ്ഥാനം കൊടുത്തിട്ടുള്ള, ഇന്നും മുഖ്യമായി എടുത്തുപറയുന്ന ഒരു മുദ്രാവാക്യമാണ് അല്ലാഹു അല്ലാത്ത ആരോടും പ്രാർത്ഥിക്കരുത്, സഹായം ചോദിക്കരുത് എന്ന കാര്യം. അതിനെപോലും തകിടംമറിക്കും വിധം മുജാഹിദുകളിൽ പെട്ട പണ്ഡിതർക്ക് ജിന്നുകളോട് പ്രാർത്ഥിക്കാം എന്ന വാദം ഉണ്ട് എന്ന കോക്കസ്സുകാരുടെ കള്ളവാർത്ത വൻതലക്കെട്ടു നൽകി ജമാഅത്തെ ഇസ്‌ലാമിയുടെ പത്രത്തിലൂടെ കൊടുക്കുകയാണ് മൗദൂദികൾ ചെയ്തത്. ഇവിടെയൊക്കെ എന്ത് നീതിബോധവും ധാർമ്മികതയുമാണ് ഇവർ നിർവ്വഹിച്ചിട്ടുള്ളത്. പരലോക ഭയം അൽപമെങ്കിലും ഉണ്ടെങ്കിൽ ഒന്ന് ആലോചിക്കുന്നത് നന്ന്.

വാസ്തവത്തിൽ മുജാഹിദുകൾക്കിടയിൽ നടക്കുന്ന ആനുകാലിക വിഷയത്തിൽ കയറി ഒരഭിപ്രായം പറയുന്നതിൽ ജമാഅത്തിന് ഒരു വ്യാമോഹമുണ്ട്. പ്രമാണങ്ങൾ സഗൗരവം ഓർമ്മപ്പെടുത്തുന്ന സലഫുമാർഗ്ഗികളെ ചൂണ്ടികാണിച്ചുകൊണ്ട് അവരുടേത് സങ്കുചിതത്വമാണ് എന്ന് പറയുകയും, അതിനെ മറപിടിച്ചുകൊണ്ട് പണ്ടുമുതലേ തങ്ങളുടെ മേൽ ആരോപണവിധേയമായ തീവ്രവാദം എന്ന ഭാണ്ഡം മെല്ലെ സലഫുമാർഗ്ഗികളുടെ തലയിൽ കെട്ടിവെക്കുകയുമാണ് ഇവരുടെ ലക്ഷ്യം. പ്രമാണം സ്വീകരിക്കുന്നതിൽ കാണിക്കുന്ന കാർക്കശ്യം ഉയർത്തിക്കാട്ടി അതിനെ സാർവദേശീയ തലത്തിൽ നവസലഫിസം എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രതിഭാസമായി പരിചയപ്പെടുത്തുന്നതും, പിന്നീടതിനെ ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളിലേക്ക് ബന്ധിപ്പിക്കാനുള്ള ലേഖകന്റെ വിഫലമായ ശ്രമം അതാണ് കാണിക്കുന്നത്. കേരളത്തിൽ എന്നല്ല, ലോകത്ത് തന്നെ മൗദൂദിസ്റ്റ് പറയും പ്രകാരം മതാന്തര സൗഹൃദം ഇല്ലാതാക്കിയവർ സലഫുമാർഗ്ഗികളല്ല, മറിച്ച് അതിന്റെയെല്ലാം പിന്നിൽ മൗദൂദികളും ഇഖ്‌വാനികളും സൈദ്ധാന്തികവത്കരിച്ച നവീന ആശയങ്ങളാണ്. ഇതിന് അക്കമിട്ട് തെളിവുകൾ നിരത്താൻ മുജാഹിദുകൾക്ക് കഴിയും. മുജാഹിദുകളെ കുറിച്ച് ആരും തന്നെ ഭീകരവാദികൾ എന്ന് പറയാറില്ല, അങ്ങനെ മുദ്രകുത്തിയിട്ടുമില്ല. കാരണം അവർ മുറുകെ പിടിക്കുന്നത് ക്വുർആനാണ്, പ്രവാചകന്റെ ചര്യയാണ്, അവ രണ്ടും സ്വീകരിക്കുന്നതാകട്ടെ സലഫുകൾ അത് സ്വീകരിച്ച രീതിശാസ്ത്രമനുസരിച്ചുമാണ്. ലോകത്ത് ഒരു നിലക്കുമുള്ള തീവ്രവാദവും ഭീകരവാദവും ഈ ഒരു രീതി സ്വീകരിച്ചവരിൽ കാണുകയില്ല. ഇത് കഴിഞ്ഞ പതിനാലര നൂറ്റാണ്ടിന്റെ സാക്ഷ്യം കൂടിയാണ്. പക്ഷേ, മൗദൂദികളുടെ പാരമ്പര്യം അങ്ങനെയല്ല. ഹസനുൽ ബന്ന രൂപീകരിച്ച ഇഖ്‌വാനുൽ മുസ്‌ലിമൂനും മൗദൂദിയുടെ ജമാഅത്തെ ഇസ്‌ലാമിയും ഏതാണ്ട് ഒരേ കാലത്ത് ഉയർന്നുവന്ന സംഘടനകളാണ്. അതിന്റെ രൂപീകരണ സമയം മുതൽ ഇവ രണ്ടും രാജ്യങ്ങൾക്ക് സംഭാവന ചെയ്തത് ചോരക്കറ നിറഞ്ഞ അന്തരീക്ഷമാണ്. ഇസ്‌ലാമിനെ മൊത്തത്തിൽ തെറ്റായി പരിചയപ്പെടുത്തിക്കൊണ്ട് രംഗത്ത് വന്ന ഈ കൂട്ടായ്മയുടെ ലക്ഷ്യം, എക്സ്പ്രസ്സ് ഹൈവേക്കെതിരിലുള്ള സമരം, പെപ്സിക്കെതിരിലുള്ള പ്രചാരണം തുടങ്ങി പൊതുമണ്ഡലങ്ങളെ അണിചേർത്തുകൊണ്ട് സാമൂഹിക തിന്മക്കെതിരിലുള്ള സമരകാഹളം മുഴക്കലായിരുന്നു എന്ന് ആരും തെറ്റുധരിക്കേണ്ടതില്ല. അതെന്തായിരുന്നു എന്ന് അവരിലൂടെ തന്നെ നമ്മൾ വായിക്കേണ്ടതുണ്ട്: "പ്രവാചകനെ പിന്തുടർന്ന് മുസ്‌ലിം സമൂഹത്തിന് നേതൃത്യം നല്കിയവരായിരുന്നു ഖലീഫമാർ. തുർക്കി ആസ്ഥാനമായി നിലവിലിരുന്ന നാമമാത്ര ഖിലാഫത്ത് പോലും 1924-ൽ കഥാവശേഷമായി. അതിനി സ്ഥാപിതമാവണമെങ്കിൽ ഖുർആനും പ്രവാചകചര്യയും അടിസ്ഥാനമാക്കി ഓരോ രാജ്യത്തും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ആദർശ പ്രബോധനവും ആശയ പ്രചാരണവും നടത്തുകയും അതുവഴി മുസ്‌ലിംകൾ മാതൃകാ ഇസ്‌ലാമിക സാമൂഹിക ക്രമം

രൂപപ്പെടുത്തുവാൻ സന്നദ്ധരാവുകയും വേണം. ഈ യത്നത്തിലാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിയും മധ്യപൗരസ്ത്യ നാടുകളിൽ മുസ്‌ലിം ബ്രദർഹുഡ്ഡും മറ്റു രാജ്യങ്ങളിൽ മറ്റു പേരുകളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നത്."[12]

ലോകത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സകലതിന്മയുടെയും മൂലകാരണം ഭരണദൂഷ്യമാണ് എന്ന ശിക്ഷണം ഖിലാഫത്ത് സംസ്ഥാപനത്തിന്റെ ലക്ഷ്യമായി മൗദൂദി ഒരു ഭാഗത്ത് വ്യാഖ്യാനിക്കുമ്പോൾ[13], അതിന്റെ പ്രായോഗികമായ നീക്കങ്ങൾ ഇഖ്‌വാനുൽ മുസ്‌ലിമീനിലൂടെ ലോകത്ത് നടപ്പിലാക്കാൻ ഇവർ പരിശ്രമിക്കുകയായിരുന്നു. സെക്കന്ററി സ്കൂളിലും യൂനിവേഴ്സിറ്റിയിലും പഠിക്കുമ്പോൾ മറ്റു സതീർഥ്യരെയും പോലെ ഉസാമ ബിൻ ലാദനും ഈ പറഞ്ഞ ഇഖ്‌വാനുൽ മുസ്‌ലിമീനുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത് എന്ന് ഐ.പി.എച്ച് പ്രസിദ്ധീകരിച്ച ഇസ്‌ലാമിക വിജ്ഞാനകോശം[14] നമ്മെ അറിയിക്കുമ്പോൾ ഇവരുടെ മസ്തിഷ്ക പ്രക്ഷാളനത്തിന്റെ ആഴം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇസ്‌ലാമിനകത്തുള്ളവരെല്ലാം ഒരൊറ്റ ഭവനത്തിലെ ആളുകളും അതിന് പറുത്തുള്ളവരെല്ലാം അവരുടെ ശത്രുക്കളും, ഇതായിരുന്നു ഇഖ്‌വാനികൾ മുമ്പോട്ട് വെച്ച ചിന്താഗതി. ഇത് പ്രചരിപ്പിച്ചുകൊണ്ട് ഇസ്‌ലാമിന് പുറത്തുള്ളവരോട് യുദ്ധം ചെയ്യാൻ ആഹ്വാനം നൽകുകയും, ശേഷം "ഇതാണ് ഇസ്‌ലാം", "ഇതു മാത്രമാണ് ഇസ്‌ലാം" എന്ന് പ്രഖ്യാപിക്കുക കൂടി ചെയ്തത്[15] ലോകം വായിച്ചും കണ്ടും അനുഭവിച്ചും അറിഞ്ഞ യാഥാർത്ഥ്യമാണ്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതാവ് സയ്യിദ് ഖുത്തുബ് രചിച്ച *വഴിയടയാളങ്ങൾ* എന്ന പുസ്തകത്തിലാണ് ഇതും ഇതിലപ്പുറമുള്ളതുമായ കടുത്ത ഭീകരതയുടെ സന്ദേശങ്ങൾ നിലകൊള്ളുന്നത്. ഈ പുസ്തകം മലയാളക്കരയിലേക്ക് വിവർത്തനം ചെയ്ത് മുസ്‌ലിം സമുദായത്തിന്റെ മനസ്സ് മലിനമാക്കാൻ പണിയെടുത്തത് ജമാഅത്തെ ഇസ്‌ലാമിയുടെ നേതാവായ ശൈഖ് മുഹമ്മദ് കാരക്കുന്നാണ്. ഒരു മുസ്‌ലിം ഈ പുസ്തകത്തിൽ നിന്നും സ്വീകരിക്കേണ്ട പ്രമാണബദ്ധമായ കാര്യങ്ങൾ ഒന്ന് അടയാളപ്പെടുത്തി തരുവാനുള്ള തന്റേടം ജമാഅത്തെ ഇസ്‌ലാമിയിൽ പെട്ട ആർക്കെങ്കിലും ഇന്നുണ്ടോ?. ഈ രൂപത്തിൽ മൗദൂദികളും ഇഖ്‌വാനികളും കൂടി ലോകത്തിന് സംഭാവന ചെയ്ത തീവ്രവാദത്തിന്റെ പിതൃത്വമാണ് എന്നിട്ട് സലഫുമാർഗ്ഗികളുടെ മേൽ അടിച്ചേൽപിക്കാൻ ഇക്കൂട്ടർ പരിശ്രമിക്കുന്നത്.

ഇന്തോനേഷ്യ മുതൽ അൽജീരിയ വരെയുള്ള യൂനിവേഴ്സിറ്റികളിൽ ഡോക്ടറേറ്റിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളിലും രഹസ്യ-തീവ്ര സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലുമൊക്കെ മൗദൂദി ആവിഷ്കരിച്ച, സയ്യിദ് ഖുതുബ് അറബ് ലോകത്തിന് പരിചയപ്പെടുത്തിയ ഹാക്‌മിയത്തുല്ലാഹ് എന്ന് പ്രയോഗം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞത് ജമാഅത്ത് ഇഖ്‌വാനി സഹയാത്രികനായ ഫഹ്‌മി ഹുവൈദിയാണ്.[16] അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം മാത്രമേ നടത്താൻ പാടുള്ളൂ, ബാക്കിയുള്ളതെല്ലാം നാമാവശേഷമാക്കണം എന്നു പറഞ്ഞുകൊണ്ട് അൾജീരിയ ഉൾപ്പടെയുള്ള നാടുകളിലെ മുസ്‌ലിംകളെ ഒരു ഭരണകൂട അട്ടിമറിക്കു പ്രേരിപ്പിച്ചപ്പോൾ, അതിനുനേരെ രാഷ്ട്രനേതൃത്വം സ്വാഭാവികമായും സ്വീകരിക്കുന്ന സമീപനം മൃദുലമായിക്കൊള്ളണമെന്നില്ല. മാത്രമല്ല, പ്രസ്തുത അട്ടിമറി സംഘത്തെ തീവ്രവാദികൾ എന്നാണ് പൊതുവെ വിശേഷിപ്പിക്കാറുള്ളതും. അങ്ങനെ ഒരാരോപണം

---

[12] ഒ. അബ്ദുഹ്‌റഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 178, 179

[13] ഖുതുബാത്ത്, 16-ാം പതിപ്പ്, പേ. 275,276 കാണുക

[14] വാല്യം 7, പേജ് 60

[15] വഴിയടയാളങ്ങൾ, പേജ് 207

[16] കെ.സി. അബ്ദുല്ല മൗലവി, ഇബാദത്ത് ഒരു സമഗ്രപഠനം, 4-ാം പതിപ്പ്, പേജ് 38

ഈ സംഘത്തിന് നേരിട്ടപ്പോൾ ജമാഅത്തെ ഇസ്‌ലാമി  അന്ന് അതിന് നൽകിയ മറുപടി ഇതോടൊപ്പം വായിക്കേണ്ടതുണ്ട്. അവർ എഴുതുകയാണ്: "തീവ്രവാദികൾ എന്നത് കൊണ്ട് ചോദ്യകർത്താവ് ഉദ്ദേശിച്ചത് ആരെയാണെന്ന് വ്യക്തമല്ല, അൾജീരിയയിലെയും ഈജിപ്തിലെയും മറ്റു മുസ്‌ലിം രാജ്യങ്ങളിലെയും തീവ്രവാദികൾ എന്ന് പറയപ്പെടുന്നവർ ആയുധമെടുത്തത് മനുഷ്യാവകാശങ്ങൾ ഭരണകൂടങ്ങൾ നിഷേധിക്കുകയും ജനാധിപത്യത്തെ ചോരയിൽ മുക്കിക്കൊല്ലുകയും ചെയ്തപ്പോഴാണ്. ജിഹാദിനെക്കുറിച്ച അവരുടെ സങ്കല്പം വികലമാണെങ്കിലും ഭരണം സ്ഥാപിക്കാൻ അമുസ്‌ലിംകളെ കൊല്ലുകയല്ല, സാക്ഷാൽ 'മുസ്‌ലിം ഭരണകൂടങ്ങളോട്' നിലനിൽപിനു വേണ്ടി പൊരുതുകയാണവർ ചെയ്യുന്നതെന്ന് വ്യക്തമാണ്."[17]

വികലമായ ജിഹാദീ സങ്കൽപം ചൂഷണം ചെയ്ത്, ഭരണകൂട അട്ടിമറിക്ക് പ്രചോദനം നൽകുന്നത് ക്രമസമാധാനം നഷ്ടപ്പെടുത്തുന്ന ഭീകരപ്രവർത്തനം തന്നെയാണ് എന്നാണ് സലഫുമാർഗ്ഗികളുടെ വീക്ഷണം. ഈ രൂപത്തിൽ ആഗോളതലത്തിൽ തീവ്രവാദ ചിന്താഗതികൾ പ്രചരിപ്പിക്കുകയും, അതിന് വേണ്ട എല്ലാവിധ അണിയറ പ്രവർത്തനങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്ത ജമാഅത്തെ ഇസ്‌ലാമിയാണ് അൾജീരിയ പോലെയുള്ള മുസ്‌ലിം രാജ്യങ്ങളിൽ ഉണ്ടായ മുറിവുകൾ സലഫികളുടെ അക്കൗണ്ടിലേക്ക് വരവുവെക്കുന്നത്.  ഈ സംഘത്തിന്റെ നവജാഗരണ പ്രവർത്തനങ്ങൾ ആഗോള തലത്തിൽ ഉണ്ടാക്കിയ മുറിവുകൾ വളരെ വലുതാണ്. അതിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്ന് അറിയാൻ ഇവരുടെതന്നെ വരികൾ ശ്രദ്ധിക്കാം: "ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ ഇന്ത്യയിലോ പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽതന്നെ ഇതേ പേരും വേരുമുള്ള ആറു സംഘടനകളുണ്ട്. സ്വന്തമായ ചുറ്റുപാടുകൾ കണക്കിലെടുത്ത് ഭിന്നമായ നയപരിപാടികളോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും അവയുടെയെല്ലാം ആദർശവും ലക്ഷ്യവും ഒന്നാകുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങളും പ്രവർത്തകരും ലോകമാകെ പരന്നിട്ടുണ്ട്. അവയിൽനിന്ന് പ്രചോദനം ഉൾകൊണ്ട് പല ഇസ്‌ലാമിക ഗ്രൂപ്പുകളും ലോകത്തിന്റെ പലഭാഗങ്ങളിലമായി ഉയർന്നു വന്നിരിക്കുന്നു. ആഗോളതലത്തിൽ ഇന്ന് ദൃശ്യമാകുന്ന ഇസ്‌ലാമിക നവജാഗരണത്തിൽ ജമാഅത്തിനുള്ള പങ്ക് ആരെത്ര ശ്രമിച്ചാലും നിഷേധിക്കാനാവാത്തതാണ്."[18]

ഉപരിസൂചിത ഖണ്ഡികയിലെ ഓരോ വരികളിലും നിഗൂഢമായ പദ്ധതികൾ ഒളിഞ്ഞുകിടപ്പുണ്ട്. സലഫുമാർഗ്ഗികൾക്ക് ജമാഅത്ത് മോഡലിൽ ഭിന്നമായ നയനിലപാടുകൾ  സ്വീകരിക്കേണ്ട ഗതികേട് വന്നിട്ടില്ല, കാരണം അവർ മുറുകെ പിടിക്കുന്നതും പ്രചരിപ്പിക്കുന്നതും കറകളഞ്ഞ ഇസ്‌ലാമിന്റെ ആദർശമാണ്, അതാകട്ടെ സുതാര്യമാണ്. അതിൽ തീവ്രവാദം ഇല്ല, ഭീകരവാദം ഇല്ല. പക്ഷെ ജമാഅത്തിന്റെ സ്ഥിതിവിശേഷം അതല്ല. ജമാഅത്തിന്റെ കർമ്മമണ്ഡലത്തിന്റെ മാതൃകാരൂപം മനസ്സിലാകാൻ കാശ്മീരുമായി ബന്ധപ്പെട്ട ഇവർ തന്നെ എഴുതിയ വരികൾ പര്യാപ്തമാണ്. അതിങ്ങനെ: "താഴ്‌വരയിലെ തീവ്രവാദപ്രവർത്തനം ശക്തിപ്പെട്ടതിനു ശേഷം ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദി ഗ്രൂപ്പുകളിലൊന്നായ ഹിസ്ബുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്. ഇതിനുപുറമെ, 'അല്ലാഹ് ടൈഗേഴ്സ്' എന്ന ഒരു സംഘത്തിനും ജമാഅത്ത് രൂപം നൽകിയിട്ടുണ്ട്. ജനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം വളർത്തുകയും നിലനിർത്തുകയുമാണ് ഈ സംഘത്തിന്റെ മുഖ്യമായ പ്രവർത്തനമെന്നു

---

[17] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 392

[18] പത്രാധിപരുടെ രണ്ട് വാക്ക്, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്

പറയപ്പെടുന്നു. വിവിധ തീവ്രവാദി ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്."[19]

നവജാഗരണ പ്രക്രിയയായി ജനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം വളർത്താനും നിലനിർത്താനും എന്ന വ്യാജേന പല തീവ്രവാദ സംഘങ്ങളെയും പടച്ചുവിടുകയാണ് ഇവർ ചെയ്തത്. അതുകൊണ്ട്തന്നെ സ്വന്തം പേരിൽ പ്രത്യക്ഷപ്പെടുവാൻ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇവർക്കാകുന്നില്ല. ഇവിടെയാണ് ജമാഅത്തിന്റെ നയനിലപാടുകൾ ലോകത്തെ കബളിപ്പിക്കുന്നതും, രാഷ്ട്രീയ-സാംസ്കാരിക വേദികളിൽ നിന്നും ഇവർക്കെതിരിൽ വരുന്ന ആരോപണങ്ങളിൽ ശരിയുണ്ടെന്നുമുള്ള വസ്തുത ലോകത്തിന് മനസ്സിലാകുന്നത്. ഈ രൂപത്തിലുള്ള ആരോപണങ്ങൾ ജമാഅത്ത് ഏറ്റുവാങ്ങിയിട്ടുണ്ട് എന്നതും ഇവരുടെ 'വി'കൃതിയിലൂടെ തന്നെ വായിക്കാൻ കഴിയും: "ഇന്ത്യയിൽ സമാധാനപരവും നിയമാനുസൃവുമായ രീതിയിലൂടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുന്ന ഒരു പ്രവൃത്തിയും ജമാഅത്തിന്റെ ഇതപര്യന്തമുള്ള ചരിത്രത്തിലുണ്ടായിട്ടില്ല. രാജ്യത്ത് നടക്കുന്ന കുഴപ്പങ്ങൾക്ക് പിന്നിൽ ജമാഅത്തിന്റെ 'കറുത്ത' കരമുണ്ടോ എന്ന് മഷിയിട്ട് നോക്കിയവർ അവസാനം നിരാശരായിട്ടേയുള്ളൂ. എന്നിട്ടും രാജ്യത്ത് കുഴപ്പമുണ്ടാക്കുകയും ജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുന്ന വർഗീയ കക്ഷിയാണ് ജമാഅത്തെ ഇസ്‌ലാമിയെന്ന ആരോപണം രാഷ്ട്രീയ-സാംസ്കാരിക വേദികളിൽ നിന്ന് ഇന്നും ഉയർന്നുകൊണ്ടിരിക്കുന്നു."[20]

ഇനി ഞങ്ങൾ മുജാഹിദുകൾ മൗദൂദികളോട് ഒന്ന് ചോദിക്കട്ടെ: ഇതുപൊലെ വസ്തുനിഷ്ഠമായി സലഫികൾ ആഗോളതലത്തിൽ പോയിട്ട്, പ്രാദേശികതലത്തിൽ എവിടെയെങ്കിലും ഒരു തീവ്രവാദ അപശബ്ദമുണ്ടാക്കിയതായി തെളിയിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? രാജ്യത്ത് നടക്കുന്ന കുഴപ്പങ്ങൾക്ക് പിന്നിൽ മുജാഹിദുകളുടെ 'കറുത്ത' കരമുണ്ടോ എന്ന സംശയം ഏതെങ്കിലും ഒരു രാഷ്ട്രീയ-സാംസ്കാരിക വേദികളിൽ നിന്നും ഉയർന്ന് വന്നത് ഒരു മഞ്ഞപത്രത്തിൽനിന്നെങ്കിലും കാണിക്കാൻ സാധ്യമാണോ? നിങ്ങൾക്കതിന് കഴിയില്ല. കാരണം, മുമ്പ് പറഞ്ഞതു പോലെ മുജാഹിദുകൾ സഞ്ചരിക്കുന്നത് സലഫുകൾ കാണിച്ചു തന്ന പാന്ഥാവിലൂടെയാണ്. അതിൽ തീവ്രവാദം ഇല്ല, ഭീകരവാദം ഇല്ല.

സത്യത്തിൽ ജമാഅത്തെ ഇസ്‌ലാമി വികൃതമാക്കാൻ ശ്രമിച്ചത് ഇസ്‌ലാമിന്റെ സുന്ദരമായ ആദർശത്തെയാണ്. അതിനുള്ള മരുന്നും തടയുമാണ് ഞങ്ങൾ പ്രചരിപ്പിക്കുന്ന സലഫി മൻഹജ്. എന്നാൽ അത് സ്ഥലകാല സാഹചര്യങ്ങളെ പരിഗണിക്കാത്ത, വെറും പ്രമാണങ്ങളെ മാത്രം ആശ്രയിക്കുന്ന അക്ഷര പൂജയിലധിഷ്ഠിതമായ ഇസ്‌ലാമിനെയാണ് പോലും പ്രതിനിധാനം ചെയ്യുന്നത്! ഇസ്‌ലാമിക പ്രമാണങ്ങളെ ആധുനിക വായനക്ക് വിട്ടുകൊടുത്ത് അതിനെ ആവുംവിധം വലിക്കാനും ചുരുക്കാനും കഴിയന്ന ഒരു ഇലാസ്റ്റിക്ക് പരിവേഷത്തിലേക്ക് കൊണ്ടുവരണം എന്നാണ് പച്ചയായി പറഞ്ഞാൽ ഇവർ ആഗ്രഹിക്കുന്നത്. "വിശുദ്ധ ക്വുർആനിന്റെ അപ്രമാദിത്വം അംഗീകരിച്ച് അതിന്റെ വിശാല താൽപര്യങ്ങൾക്കും വിവക്ഷകൾക്കും അനുസൃതമായി ഹദീസുകളെ വ്യാഖ്യാനിക്കാനും സ്വീകരിക്കാനും തയ്യാറായാൽ മാത്രമേ സലഫി ഐക്യം പുനഃസ്ഥാപിതമാവാൻ വഴിതെളിയൂ" എന്ന പ്രബോധനക്കാരന്റെ ആഗ്രഹം വ്യക്തമാക്കുന്നത് അതാണ്.[21]

---

[19] കാശ്മീർ ജമാഅത്തെ ഇസ്‌ലാമി, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്

[20] അവർഗീയ സംഘടന, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്

[21] ചോദ്യോത്തരം, മുജീബ്, 30 മാർച്ച് 2013

സലഫുകളുടെ ഗ്രാഹ്യതയിൽനിന്നും പുറത്തു കടന്ന് പ്രമാണങ്ങളെ ആധുനിക വായന നടത്തിയതിന്റെ തിക്തഫലമാണ് ലോകം ഇവരിൽ നിന്നും ഏറ്റുവാങ്ങിയത്. അതിന്റെ അപകടത്തെ കുറിച്ച് വ്യക്തമായ അവബോധമുള്ളതുകൊണ്ടാണ് സലഫുമാർഗ്ഗികൾ ആ ഒരു നീക്കത്തെ ആകുവോളം പ്രതിരോധിക്കുന്നത്.

'ഫിഖ്ഹുൽ വാഖിഅ്' (വർത്തമാന യാഥാർത്ഥ്യങ്ങൾ) എന്ന ഉസൂൽ തിരിയാത്ത ആളുകളാണ് ആധുനിക സലഫികൾ എന്ന ആക്ഷേപം, രാഷ്ട്രീയ ലാഭങ്ങൾക്കും സാംസ്കാരിക ഔന്നത്യത്തിനും എന്ന പേരിൽ പ്രമാണങ്ങൾ ദുരുപയോഗം ചെയ്യുവാൻ ഇഖ്‌വാനികൾ കണ്ട വഴിയാണ്. ഇതേ ആരോപണത്തിന്റെ ഒരു മലയാള പതിപ്പാണ് അക്ഷരപൂജയിലധിഷ്ഠിതമായ ഇസ്ലാം എന്ന മൗദൂദികളുടെയും, അത് കടമെടുത്ത മടവൂരികളുടെയും നവമടവൂരികളുടെയും കുത്തുവാക്കുകൾ. ഇങ്ങനെ ഒരു കിംവദന്തിയുമായി ഇഖ്‌വാനികൾ വന്നപ്പോൾ അതിന് യോഗ്യരായ സലഫി പണ്ഡിതർ ഉചിതമായ മറുപടി മുമ്പേ നൽകിയിട്ടുള്ളതാണ്. അതിന്റെ ഉദാഹരണമാണ് ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റഹി) യുടെ 'സുആൽ വ ജവാബ് ഹൗല ഫിക്വ്ഹുൽ വാക്വിഅ്' എന്ന ഗ്രന്ഥം. അതുകൂടാതെ മറ്റു സലഫി പണ്ഡിതരും ഇവ്വിഷയത്തിൽ ഇഖ്‌വാനികളുടെ ഈയൊരു വങ്കത്തത്തോട് ശക്തമായി പ്രതികരിച്ചുകൊണ്ട് രംഗത്ത് വിന്നിരുന്നു. ഇന്ന് ജീവിച്ചിരിപ്പുള്ള പ്രസിദ്ധ പണ്ഡിതനായ ശൈഖ് സ്വാലിഹ് അൽഫൗസാൻ (ഹഫിദഹുല്ലാഹ്) പ്രസ്തുത വിഷയത്തിൽ നൽകിയ ഒരു ഭാഗം ഇവിടെ നൽകുകയാണ്. അദ്ദേഹം പറഞ്ഞു:

وأما الاشتغال بواقع العصر – كما يقولون – ، أو " فقه الواقع " : فهذا إنما يكون بعد الفقه الشرعيِّ ؛ إذ الإنسان بالفقه الشرعيِّ ينظر إلى واقع الناس ، وما يدور في العالم ، وما يأتي من أفكار ، ومن آراء ، ويعرضها على العلم الشرعيِّ الصَّحيح ؛ ليميز خيرها من شرِّها ، وبدون العلم الشرعيِّ : فإنه لا يُميِّزُ بين الحقِّ والباطل ، والهُدى والضَّلال ، فالذي يشتغل بادئ ذي بدء بالأمور الثقافية ، والأمور الصَّحافيّة ، والأمور السياسيّة ، وليس عنده بصيرة من دينه : فإنّه يَضِلُّ بهذه الأمور ؛ لأنَّ أكثر ما يدور فيها ضلالة ، ودعاية للباطل ، وزُخرُفٌ من القول وغرور ، نسأل الله العافية والسَّلامة ." المنتقى من فتاوى الشيخ الفوزان " ( 1 / 297 ) .

"ശറഇയ്യായ വിഷയങ്ങൾ ഗ്രഹിച്ച ശേഷം മാത്രമേ അവർ പറയുന്ന രൂപത്തിലുള്ള 'വർത്തമാന യാഥാർത്ഥ്യങ്ങൾ' അഥവാ 'ഫിഖ്ഹുൽ വാഖിഅ്' മുഴുകേണ്ടതുള്ളൂ. ശറഇയ്യായ അറിവിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങളുടെ പ്രശ്നങ്ങളും, ആധുനിക ലോകത്ത് ഉണ്ടായികൊണ്ടിരിക്കുന്ന പുതിയ സംഭവ വികാസങ്ങളും, പ്രശ്നങ്ങളും, ചിന്തകളും, അഭിപ്രായങ്ങളും നോക്കിക്കാണേണ്ടത്. എന്നിട്ട് നന്മതിന്മകൾ വേർതിരിച്ചു മനസ്സിലാക്കി കൊടുക്കുന്നതിന് കൃത്യമായ ശറഇയ്യായ അറിവിനെ അടിസ്ഥാനമാക്കണം. ശറഇയ്യായ അറിവിന്റെ അഭാവത്തിൽ നന്മതിന്മകളെയും, സന്മാർഗ ദുർമ്മാർഗങ്ങളെയും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കുക സാധ്യമല്ല. മതപരമായ വിഷയങ്ങളിൽ ഉൾക്കാഴ്ചയില്ലാതെ, ആധുനിക ലോകത്ത് നടക്കുന്ന സംഭവ വികാസങ്ങളിലും, പത്രവാർത്തകളിലും, രാഷ്ട്രീയ കാര്യങ്ങളിലും മാത്രം മുഴുകിയിരിക്കുന്നവർ ഇത്തരം കാര്യങ്ങളിലൂടെ വഴികേടിലാകുകയാണ്. കാരണം അവയിൽ പെട്ട പലതും വഴികേടിലും,

നിരർത്ഥകതയിലും, കബളിപ്പിക്കുന്ന ഭംഗിവാക്കുകളിലും സ്ഥാപിതമായതാണ്. അല്ലാഹുവിനോട് നാം സൗഖ്യവും, രക്ഷയും ചോദിക്കുന്നു."[22]

സ്ഥലകാല-വർഗ-വർണ ഭേദമന്യേ കാലികപ്രസക്തമായ ആശയാദർശങ്ങളാണ് മുഹമ്മദ് നബി(സ) ലോകത്തിന് കൈമാറിയത്. സർവ്വകാല പ്രാബല്യമുള്ള മതശാസനകളാണ് അതിന്റെ ഉള്ളടക്കം. യാതൊന്നും വെട്ടിമാറ്റാതെ, ഉള്ളതിൽ കൈകടത്തലുകളില്ലാതെ അത് ലോകാവസാനം വരെ നിലനിൽക്കും എന്ന് വിശ്വിക്കുന്നവരാണ് സലഫുമാർഗ്ഗികൾ. ഇസ്‌ലാമിനെ ആധുനിക കാലഘട്ടത്തിനു സ്വീകാര്യമാക്കാൻ എന്ന വ്യാജേന അതിന്റെ അടിസ്ഥാന പ്രമാണങ്ങളെ വളച്ചൊടിക്കാൻ സലഫുമാർഗ്ഗികൾ ഒരു നിലക്കും കൂട്ടുനിൽക്കില്ല. 'ഫിഖ്ഹുൽ വാഖിഅ്' എന്ന ഉസൂലിന്റെ പേരും പറഞ്ഞ് ബ്രദർഹുഡിന്റെ ഒപ്പം നിന്ന് കറങ്ങിയാൽ, ക്വുർആനിനും ഹദീസിനും ഒരു പുനർവായനയും അതിനൊപ്പിച്ച ആധുനിക വ്യാഖ്യാനവും  നൽകിയാൽ നമ്മുടെ കൈകളിലുള്ള ഈ മതം എന്നും മാറിക്കൊണ്ടേയിരിക്കും. ഈ ആധുനിക വായനയുടെ പേരിലാണ് ലിംഗ സമീപനം തൊട്ട് പാട്ടിന്റെയും കൂത്തിന്റെയും ഇസ്‌ലാമിക സാധ്യതകളെ അന്വേഷിക്കുന്നതിലേക്ക് വരെ ഇന്ന് യുവമസ്തിഷ്കങ്ങളുടെ മനസ്സിനെ ഇവർ തിരിച്ചിരിക്കുന്നത്. അതിരുകടന്ന രൂപത്തിൽ പ്രമാണത്തോടുള്ള നിഷേധാത്മക പ്രവണത ഇതൊന്നിന്റെ സംഭാവനയാണ്. ബുഖാരിയിലെ ഹദീഥുകളെ ബുദ്ധിക്കെതിരായ പൊട്ടൻ കഥയായി ഇവർ വിശേഷിപ്പിച്ചതും[23] ഇവരുടെ ഭാഷയിൽ പറഞ്ഞാൽ കേരളസാഹചര്യം മുമ്പിൽവെച്ചുകൊണ്ടുള്ള ഒരു പ്രമാണ പുനർവായനയുടെ ഫലംതന്നെ. മുട്ടിന് താഴെ പെട്ടെന്നവസാനിക്കുന്ന മിനിസ്കർട്ടും ഒരു കാലത്തും ബാർബറുടെ കരങ്ങൾ തലയോടിയിട്ടില്ലാത്ത താടിരോമങ്ങളും സലഫികളെ വേർതിരിച്ച് നിർത്തുന്ന അടയാളമായി പ്രബോധനം പരിഹസിച്ചതും[24] അതേ "വർത്തമാനകാല യാഥാർത്ഥ്യങ്ങൾ"!. സഹിഷ്ണുതയുടെയും വിട്ടുവീഴ്ചയുടെയും ശത്രുക്കളാണ് ഈ സലഫി മുതശദ്ദിദുകൾ എന്ന് അതേ ലേഖനത്തിൽ മൗദൂദികൾ പരിഹസിക്കുമ്പോൾ, ഇന്ന് അതിൽ നവ എന്ന വാക്ക് വെച്ചുകെട്ടി അതിനെ നവസലഫിസത്തിന്റെ ലക്ഷണമായി പരിചയപ്പെടുത്തുകയാണ്. ഈ ചെയ്തികൾ മൗദൂദികളുടെ മാറിമാറിയുള്ള പുനർവായനയുടെ ശേഷിപ്പ് മാത്രം!

ഈ രൂപത്തിൽ സലഫിയ്യത്തിനോട് ഇത്ര 'സഹിഷ്ണുത' പ്രകടിപ്പിക്കാൻ മൗദൂദി ഇഖ്‌വാനി സഖ്യത്തെ പ്രേരിപ്പിച്ചത് പ്രമാണത്തോടുള്ള ഞങ്ങളുടെ കർശനമായ സമീപനം തന്നെയാണ്. പ്രമാണത്തിൽ വന്ന കാര്യങ്ങൾ അളന്നു മുറിച്ച് കൊള്ളാനും തള്ളാനും ശീലിച്ചതുകൊണ്ട് ഒരു കൂട്ടർ വടിയും വരയും സ്കെയിലുമായി ഇറങ്ങിയിരിക്കുകയാണ് എന്നതിനെ പരിഹസിച്ച് പ്രസ്തുത നടപടിയെ ഒരു 'സ്കെയിൽ മത'മായി ചിത്രീകരിച്ചതും ഇവർതന്നെയാണ്. എന്നും ഇവരുടെ പരിഹാസത്തിനും കുത്തുവാക്കിനും ഹേതുവാകാൻ കാരണം മുജാഹിദുകളുടെ പ്രമാണങ്ങളോടുള്ള നേരായ സമീപനം തന്നെ. ഇവർ പറയുന്ന രൂപത്തിലേക്കും കോലത്തിലേക്കും ഇസ്‌ലാമിനെ കൊണ്ടെത്തിക്കാൻ മുജാഹിദുകൾ തയ്യാറല്ല. കൃത്യമായ പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ഒരു നിലപാട് മുജാഹിദുകൾ സ്വീകരിച്ചിട്ടുള്ളത്.

അനേകം പ്രമാണ രേഖകളിൽ ഒന്നാണ് ഇസ്രാഈൽ മക്കൾ എഴുപത്തിരണ്ട് വിഭാഗങ്ങളായി പിളർന്നു; എന്റെ സമുദായം എഴുപത്തി മൂന്ന് വിഭാഗങ്ങളായി പിളരും; അവരെല്ലാം നരകത്തിലായിരിക്കും, ഒന്നൊഴികെ എന്ന നബിവചനം. അത് കേട്ട

---

[22] അൽ മുൻതഖ: മിൻ ഫതാവാ ശൈഖ് ഫൗസാൻ: 1/297

[23] പ്രബോധനം (പ്രബോധനം ഹദീസ് പതിപ്പ് 2007, പേജ് 129

[24] 27 ജൂൺ 1992

ശിഷ്യൻമാർ രക്ഷപ്പെടുന്ന വിഭാഗം ഏതാണ് എന്ന് നബി(സ)യോട് ചോദിച്ചപ്പോൾ പ്രവാചകൻ നൽകിയ മറുപടി "ഞാനും എന്റെ സഹാബികളും ഏത് മാർഗത്തിൽ ചലിക്കുന്നുവോ ആ മാർഗത്തിൽ ചലിക്കുന്നവർ." എന്നായിരുന്നവല്ലോ. ഈ രക്ഷപ്പെടുന്ന കക്ഷികളുടെ നിലപാട് സ്വീകരിക്കാനാണ് സത്യവിശ്വാസികളായ ഓരോ വ്യക്തിയും പരിശ്രമിക്കേണ്ടത്. എന്നാൽ പ്രവാചകന്റെ ഈയൊരു നിർദ്ദേശം ഇഖ്വാനികൾക്കും മൗദൂദികൾക്കും വലിയ തലവേദനയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവർ അതിനെ കുറിച്ച് എഴുതി: "ഇങ്ങനെയൊരു ഹദീസ് പാഠഭേദങ്ങളോടെ- ചിലപ്പോൾ വൈരുധ്യങ്ങളോടെയും- ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. തദടിസ്ഥാനത്തിൽ കഴിഞ്ഞകാലങ്ങളിലും ഇക്കാലത്തും പല മുസ്‌ലിം സംഘടനകളും വിഭാഗങ്ങളും തങ്ങളല്ലാത്തവരെയൊക്കെ നരകാവകാശികളാക്കാൻ കിണഞ്ഞു ശ്രമിച്ചിട്ടുമുണ്ട്. എന്നാൽ, ഈ 'ഹദീസി'ലെത്തന്നെ നിവേദക പരമ്പരയിലെ ദൗർബല്യങ്ങൾ മൂലവും, ഉള്ളടക്കം വീക്ഷിച്ചാലും അസ്വീകാര്യമാണെന്ന അഭിപ്രായക്കാരാണ് ഡോ. യൂസുഫുൽ ഖർദാവിയെപ്പോലുള്ള ആധുനിക പണ്ഡിതൻമാർ."[25]

നടെ സൂചിപ്പിച്ച നബിവചനത്തോട് ഇതിലും വലിയ ഒരു അത്യാധുനിക വ്യാഖ്യാനം ഇവർ നടത്തിയിട്ടുണ്ട്. ദാ അതിങ്ങനെ: "ഇവിടെ പ്രാഥമികമായി മനസ്സിലാക്കേണ്ട കാര്യമിതാണ്. ഈ ഹദീസിൽ പറയുന്നത് സുപ്രധാനമായ ഒരു വിഷയമായിരുന്നിട്ടും ബുഖാരിയോ മുസ്‌ലിമോ ഈ ഹദീസ് തങ്ങളുടെ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരുടെ നിബന്ധനകൾ പ്രകാരം ഇത് പ്രബലമല്ല എന്ന് അത് സൂചിപ്പിക്കുന്നു."[26]

ചെരുപ്പിനൊപ്പിച്ച് കാല് മുറിക്കുന്ന ഇവരുടെ ആധുനിക വായനക്ക് സലഫിലോകം നിന്നുകൊടുത്താലുണ്ടാകുന്ന അപകടം ഇനി കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. എങ്കിലും ഇവർക്കൊരു മറുപടിയെന്ന നിലക്ക് ഇവരുടെ സയ്യിദിന്റെ വരികൾതന്നെ ഇവിടെ കുറിച്ചിടുകയാണ്: "ഒരു ഹദീസ് എടുത്ത് അൽപനേരം അതിനെക്കുറിച്ചു ചിന്തിക്കുക; എന്നിട്ട് ഉദ്ദേശ്യം മനസ്സിലാവുന്നില്ലെങ്കിൽ, അല്ലെങ്കിൽ തെറ്റായ വല്ല ഉദ്ദേശ്യവുമാണ് മനസ്സിൽ കടക്കുന്നതെങ്കിൽ കുറ്റകാരണങ്ങൾ എണ്ണിപ്പറഞ്ഞ്, ആ ഹദീസ് കെട്ടിയുണ്ടാക്കിയതാണെന്ന് നിസ്സങ്കോചം പ്രസ്താവിക്കുക- ഹദീസിനെ കയ്യൊഴിക്കാനുള്ള ഈ മാർഗം ഒരിക്കലും ശരിയല്ല. ഈ അടിസ്ഥാനത്തിൽ, ഹദീസിനെ മാറ്റുരക്കാൻ മുതിരുകയാണെങ്കിൽ എത്രയെത്ര സ്വഹീഹായ ഹദീസുകളെയാണ് വലിച്ചെറിയേണ്ടിവരിക എന്നു പറയുവാൻ പോലും സാധ്യമല്ല. ഹദീസുകളെ മാറ്റുരക്കാൻ ഹദീസ് ശാസ്ത്രത്തിൽ അഗാധമായ പരിജ്ഞാനം ആവശ്യമാണ്. അതോടൊപ്പം സംഗതിയുടെ മർമ്മം ഗ്രഹിക്കുവാനുള്ള ഉന്നതമായ ആർജവവും."[27]

ക്വുർആനിനെയും സുന്നത്തിനെയും സ്വന്തം താൽപര്യത്തിനോ സാമൂഹ്യതാൽപര്യത്തിനോ അവസരത്തിനോ അനുസരിച്ച് വ്യാഖ്യാനിക്കാൻ ശ്രമിച്ചതിന്റെ അനർത്ഥമാണ് മുകളിലുടനീളമുള്ള ജമാഅത്തിന്റെ ചെയ്തികൾ. മുസ്‌ലിംകളിൽ ഒരു വിഭാഗം ആളുകൾ എന്നും സത്യത്തിൽ നിലകൊള്ളുന്നവരായിരിക്കും എന്ന നബിവചനം മൗദൂദികൾ സ്വീകരിക്കാൻ വൈമനസ്യം കാണിക്കന്നത് സലഫിയ്യത്ത് അംഗീകരിക്കാനുള്ള ബുദ്ധിമുട്ട് ഒന്നുകൊണ്ടുമാത്രമാണ്. എന്നാൽ ഈ ആശയം അറിയിക്കുന്ന ധാരാളം സ്വഹീഹായ ഹദീസുകൾ ബുഖാരിയും മുസ്‌ലിമുമടക്കമുള്ള പ്രബലർ ഉദ്ധരിച്ചിട്ടുള്ളതാണ്. അതിലെ ഒന്നാണ് ഇമാം മുസ്‌ലിം ഉദ്ധരിച്ച താഴെയുള്ള ഹദീസ്:

---

[25] ഒ. അബ്ദുഫഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 178,179

[26] പ്രബോധനം, പ്രശ്നവും വീക്ഷണവും, 23 മാർച്ച് 2013

[27] ചോദ്യോത്തരം, അബുൽ അഅ്‌ലാ മൗദൂദി, പേജ് 30)

وعن ثوبان رضي االله عنه قال : قال رسول الله صلى الله عليه وسلم (لا تزال طائفة من أمتي ظاهرين على الحق. لا يضرهم من خذلهم. حتى يأتي أمر الله وهم كذلك)

'ഥൗബാൻ(റ)ൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: എന്റെ സമുദായത്തിലെ ഒരു വിഭാഗം സത്യത്തിൽ നിലകൊള്ളുന്നവരായിക്കൊണ്ടേയിരിക്കും. അവരെ വഞ്ചിക്കുന്നവർ അവർക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെയും അവർ ഇപ്രകാരം തന്നെയായിരിക്കും' (മുസ്ലിം)

അല്ലാഹുവിന്റെ പ്രവാചകൻ(സ) അറിയിച്ചു തന്ന ഈയൊരു വിഭാഗത്തിൽ ഉൾപ്പെടാനാണ് മുജാഹിദുകൾ എന്നും പ്രയത്നിക്കുന്നത്, ആളുകളെ ആ ഒരു മാർഗത്തിലേക്ക് ക്ഷണിക്കുന്നത്. അതൊരു കടുംപിടുത്തവും യാഥാസ്ഥികത്വവും അക്ഷരപൂജയും കാർക്കശ്യവുമൊക്കെയായി നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ, അത് നിങ്ങൾ പ്രമാണങ്ങളിൽ നിന്നും ഉൾവലിഞ്ഞതിന്റെ ലക്ഷണമാണ്. ലോകത്ത് ക്രമസമാധാനം തകരാതിരിക്കാനും, ശാന്തി നിലനിൽക്കാനും ഹാർദ്ദമായി നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ മൗദൂദിസവും ഇഖ്‌വാനിസവും വെടിഞ്ഞ് അല്ലാഹുവിന്റെ പ്രവാചകൻ(സ) പഠിപ്പിച്ചുതന്ന യഥാർത്ഥ മതത്തിന്റെ ആശയങ്ങളിലേക്ക് നിങ്ങൾ മടങ്ങിവരേണ്ടതുണ്ട്. അതായത് സലഫുമാർഗ്ഗത്തിലൂടെ കൈമാറി തന്ന ആദർശത്തിലേക്ക്. അതാണ് ഇഹലോകത്തും പരലോകത്തും മനുഷ്യന് രക്ഷയും സമാധാനവും നൽകുന്ന ഏകമാർഗ്ഗം. അല്ലാഹു അതിൽ ഉൾപ്പെടാൻ നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.